കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

www.lfa.kerala.gov.in

e-mail: dopkd.ksad@kerala.gov.in

## കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2018-19

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.പി.കെ.ഡി10-1346/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

തീയതി -19.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം - കാവശ്ശേരി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം2, ഭാഗം 3എന്നിവയിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.പി.കെ.ഡി10-1346/2019 തീയതി – 19.11.2019

# പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

# ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പാലക്കാട് ജില്ലയിലെ കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21-10-2018 മുതൽ 17-9-2018 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | സതീശൻ.എൻ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | **18.9.2019**മുതൽ **28.9.2019** വരെ |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| | | |
|---|---|---|
| 1 | ശ്രീമതി.കെ.വി.സുസ്മിത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ. ശിവപ്രസാദ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ശ്രീമതി.രാജേശ്വരി.സി | ഓഡിറ്റർ |
| 4 | ശ്രീ.ജിജീഷ്. എ.കെ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**പ്രസിഡന്റ്**

| | |
|---|---|
| ശ്രീമതി.ഭാമ.പി.സി | 1-4-2018 മുതൽ 31-3-2019വരെ |

***സെക്രട്ടറി***

| | | |
|---|---|---|
| ശ്രീമതി.സയ്യിദ ബീഗം | *സെക്രട്ടറി* | 4-5-18മുതൽ 15-7-18 വരെ<br>27-7-18 മുതൽ 7-12-18 വരെ |
| ശ്രീമതി.പി.എൻ.തങ്കമണി | *അസിസ്റ്റന്റ് സെക്രട്ടറി* | 1-4-18 മുതൽ 3-5 -18 വരെ<br>16.7.18 മുതൽ 26.7.18 വരെ<br>8.12.18 മുതൽ 6.3.19 വരെ |
| ശ്രീമതി. സുഷമ.ടി.ടി | സെക്രട്ടറി | 7.3.19 മുതൽ 31.3.19 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.ദിവ്യ.എം.കെ | 1-4-2018മുതൽ 31-3-2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ I | ശ്രീ.സുരേഷ് .ജി | 1-4-2018മുതൽ 30-04-2018 |
| | ശ്രീ.റോബി.എസ് | 1-05-2018 മുതൽ 15-10-2018വരെ |
| | ശ്രീമതി.അംബികാവതി | 16.10.18 മുതൽ 31-3-2019വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ II | ശ്രീമതി.ഗായത്രി.എം | 1-4-2018മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ: സുവിമോൾ | 1-4-2018മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സന്തോഷ്.കെ.കെ | 1-4-2018മുതൽ 31-3-2019വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ.സതീഷ് പരമേശ്വരൻ | 1-4-2018മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ഡോ: ദിവ്യറാണി | 1-4-2018മുതൽ 31.03.2019വരെ |
| പ്രധാനാദ്ധ്യാപകൻ | ശ്രീ.കെ.ബാലകൃഷ്ണൻ | 1-4-2018മുതൽ 31-3-2019വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ലാലിമ ജോർജ് | 1-4-2018മുതൽ 31-3-2019വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ബെനിത അഗസ്റ്റിൻ | 1-4-2018മുതൽ 31-8-18 വരെ |
| | ശ്രീമതി. സുമ.വി | 1-9-2018മുതൽ 31-3-19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. ഉമൈബ.എം | 1-4-2018മുതൽ 31-3-2019 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. തങ്കമണി.പി.എൻ | 1-4-2018മുതൽ 31-3-2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്ഷേമ പദ്ധതികൾ | 1-6 |
| 7 | ക്യാഷ് പരിശോധന | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | വസ്തുനികുതി പരിശോധന - പൊതു അവലോകനം | 1-10 |
| 11 | തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-11 |
| 12 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 1-12 |
| 13 | വാട്ടർ ചാർജ്ജ് - കുടിശ്ശിക തുകകൾ ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 1-13 |
| 14 | പാൽ സബ്സിഡി - പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ കാര്യക്ഷമമാക്കേണ്ടതാണ് | 1-14 |
| 15 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മുഴുവൻ തുക ഉപയോഗിച്ചിട്ടില്ല | 1-15 |
| 16 | ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-16 |
| 17 | അങ്കണവാടികളുടെ പ്രവർത്തനങ്ങൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ | 1-17 |
| 18 | ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യാൻ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് തിരിച്ചടക്കേണ്ടതാണ് | 1-18 |
| | | |

| | | |
|---|---|---|
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 20 | മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു | 1-20 |
| 21 | വൈദ്യുതോപകരണങ്ങളുടെ വാങ്ങലുകൾ – കൃത്യമായ രേഖകളില്ല | 1-21 |
| 22 | വാഹന ഉപയോഗത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല | 1-22 |
| 23 | കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ് | 1-23 |
| 24 | കമ്പ്യൂട്ടർ വാങ്ങിയതിന്റെ ബിൽ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല | 1-24 |
| 25 | ഉപയോഗിക്കാതെ കിടക്കുന്ന പഞ്ചായത്തിന്റെ സ്ഥാപനത്തിന് വൈദ്യുതി ചാർജ്ജിനത്തിൽ തുക ചെലവഴിച്ചത് സംബന്ധിച്ച് | 1-25 |
| 26 | ടാർ ബാരലിന്റെ വില ഈടാക്കിയില്ല | 1-26 |
| 27 | പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല | 1-27 |
| 28 | പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല | 1-28 |
| 29 | മരാമത്ത് പ്രവർത്തികൾ - പൊതു അപാകതകൾ | 1-29 |
| 30 | ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചു | 1-30 |
| 31 | കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല | 1-31 |
| 32 | ബാലസഭ - ഉല്ലാസയാത്രയ്ക്കായി പദ്ധതി ഫണ്ട് ചെലവഴിച്ചു | 1-32 |
| | ഭാഗം 2 | |
| 1 | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 2-1 | തറവിസ്തീർണത്തിന്റെ പരിധിയ്ക്ക് ആനുപാതകമായി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം | 2-1 |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 3-1 | ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യാൻ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചു | 3-1 |
| | | |

| | | |
|---|---|---|
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 12 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം - 1 |
| 13 | വിവിധ പത്രികകൾ - സംക്ഷിപ്തം | അനുബന്ധം - 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

22.3.2018 തീയതിയിലെ 1 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 218925457 രൂപ വരവും 209743300 രൂപ ചെലവും 9182157 രൂപ നീക്കിയിരുപ്പുമുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2019 | 13-5-2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 6617453 |
| വരവ് | 109201894 |
| ആകെ | 115819347 |
| ചെലവ് | 99987119 |
| നീക്കിയിരിപ്പ് | 15832228 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 19500000 | 19500000 | 19450417 | 49583 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11905000 | 11905000 | 10212141 | 1692859 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 142000 | 142000 | 44775 | 97225 |
| മെയിന്റനൻസ്, റോഡ് | 0 | 11257000 | 11257000 | 11062414 | 194586 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 3942000 | 3942000 | 3445408 | 496592 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 9050000 | 9050000 | 8583478 | 466522 |
| എൻ.ആർ.ഇ.ജി.എസ്- അഡ്മിൻ വരവ് | 0 | 585908 | 585908 | 585908 | 0 |
| NREGA- wages | 0 | 32004405 | 32004405 | 32004405 | 0 |
| ഐ.സി.ഡി.എസ് | 1390338 | 812113 | 2202451 | 0 | 2202451 |
| ശുചിത്വം | 2756291 | 473108 | 3229399 | 170000 | 3059399 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് ബ്ലോക്ക് | 840475 | 3780479 | 4620954 | 4580954 | 40000 |
| ജില്ല | 18087 | 3437092 | 3455179 | 3455179 | 0 |
| ജനറൽ പർപ്പസ് | 303003 | 11011779 | 11314782 | 287358 | 11027424 |

| | | | | | |
|---|---|---|---|---|---|
| ഗ്രാന്റ്- STSB account | | | | | |
| SBI- E payment | 1167490 | 21334709 | 22502199 | 21481985 | 1020214 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 180 | 136314198 | 143 | 81617806 | 37 | 79 |

**ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.**

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 108 | 83 | 34815719 | 24455572 | 70% |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 11 | 11 | 67435000 | 33905000 | 50% |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 1 | 1 | 150000 | 150000 | 100% |
| മെഡിക്കൽ ഓഫീസർ ആയുർവേദം | 2 | 2 | 642000 | 642000 | 100 |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | 2 | 2 | 855000 | 594317 | 69.51 |
| വെറ്ററിനറി സർജൻ | 4 | 4 | 3825000 | 1224943 | 0.32 |
| പ്രധാനാദ്ധ്യാപകൻ | 7 | 5 | 2150675 | 1704475 | 0.79 |
| കൃഷി ഓഫീസർ | 3 | 3 | 10510710 | 8882215 | 84.51 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 4 | 5819650 | 4189830 | 0.72 |
| സെക്രട്ടറി | 29 | 24 | 7478444 | 3837454 | 51.31 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 582000 | 582000 | 100% |

# 1-6 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 317760 | 72 |
| കർഷകതൊഴിലാളി പെൻഷൻ | 7973600.00 | 643 |
| വിധവാപെൻഷൻ | 15385100.00 | 1298 |
| വാർദ്ധക്യകാലപെൻഷൻ | 24771800.00 | 2229 |
| വികലാംഗപെൻഷൻ | 4874100.00 | 408 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ | 1052400.00 | 87 |

# 1-7 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.9.19 ന് 2.30 p.m ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8115 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.8.2019 | 7/19 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.10.2009 മുതൽ 23.10.2009 വരെ | 2004-05 മുതൽ-2008-09 വരെ | 28.7.2011 |

# 1-9 ആഭ്യന്തരനിയന്ത്രണം

നികുതികൾ യഥാസമയം പിരിച്ചെടുക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്ഥാപനം സ്വീകരിച്ചിട്ടുണ്ട്. 2018-19ൽ 100% പിരിവ് കൈവരിച്ചിട്ടുണ്ട്. ഇതിനായി ജീവനക്കാർ നടത്തിയ

കൂട്ടായ ശ്രമം അഭിനന്ദനാർഹമാണ്. നികുതി നിർണ്ണയത്തിൽ ഉണ്ടായിട്ടുള്ള അപാകതകൾ (ഖണ്ഡിക- 2-1 കാണുക)പരിഹരിക്കേണ്ടതാണ്.

രേഖകളുടെ സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. 2019-20 ൽ ISO സർട്ടിഫിക്കേഷൻ ലഭ്യമായിട്ടുണ്ട്. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിൽ സ്ഥാപനത്തിന് ബാധകമായ നിയമങ്ങളും ചട്ടങ്ങളും പൊതുവെ പാലിക്കപ്പെടുന്നുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ മിനിട്സ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല . പ്രൊക്യൂർമെന്റ് പ്ലാൻ, പ്രൊക്യൂർമെന്റ് ബജറ്റ് ഇവ തയ്യാറാക്കുന്നില്ല. പർച്ചേസ് ഓർഡർ, വർക്ക് ഓർഡർ, കരാറുകൾ എന്നിവ ചമക്കുന്നുണ്ട്. എന്നാൽ തെരുവ് വിളക്കുകൾ , കമ്പ്യൂട്ടർ തുടങ്ങി ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് വാങ്ങുന്ന പല സാധനങ്ങളും സ്റ്റോക്കിലെടുക്കുന്നില്ല. . പേമെന്റ് നടത്തുന്നതിനു മുൻപ് ഒറിജിനൽ ഇൻവോയ്സ്/ബില്ലിൽ സ്റ്റോക്ക് എൻട്രി വിവരം ചേർത്തിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. ആസ്തികളുടെ മൂല്യം സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ വർഷാന്ത്യ നീക്കിയിരുപ്പ് ഭൗതിക പരിശോധന നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കുന്നില്ല.

# 1-10 വസ്തുനികുതി പരിശോധന - പൊതു അവലോകനം

**1.തറവിസ്തീർണത്തിന്റെ പരിധിയ്ക്ക് ആനുപാതികമായി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം**

2018-19 ൽ ക്രമവൽക്കരണം നടത്തി പുതിയ കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണയം നടത്തിയ താഴെ പറയുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി.

പ്രസിഡണ്ട്, ജുമാഅത്ത് പള്ളി, യുടെ പേരിലുള്ള 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യ സ്ഥാപനത്തിന് ആയതിന്റെ അടിസ്ഥാനത്തിൽ ച.മീറ്ററിന് 55 രൂപ നിരക്കിൽ വസ്തുനികുതി 1505 രൂപയുടെ കുറവ് നികുതിനിർണ്ണയത്തിലുണ്ടായി. വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ **(നം.8, തിയ്യതി - 26-09-2019)** മറുപടിയിൽ നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.വിശദവിവരം ഖണ്ഡിക 2-1 ൽ ചേർത്തിട്ടുണ്ട്.

**2. വസ്തുനികുതി ഒഴിവാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കിയില്ല**

- സഞ്ചയ സോഫ്റ്റ്‌വെയറിലെ നികുതി നിർണ്ണയ വിവരങ്ങൾ പരിശോധിച്ചതിൽ 13/200 (200 ച.മീ), 7/29 (80 ച.മീ) എന്നീ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുള്ളതായി കണ്ടെത്തി. എന്നാൽ എന്തിന്റെ അടിസ്ഥാനത്തിലാണ് ഒഴിവാക്കിയിട്ടുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടില്ല. വിശദമാക്കുവാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.8, തിയ്യതി – 26-09-2019) മറുപടിയിൽ മേൽ രണ്ടു കെട്ടിടങ്ങളും 1993 ലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം നികുതിയില്ലാത്ത കെട്ടിടങ്ങളാണെന്നും ഡാറ്റാ എന്ട്രി സമയത്ത് ചതുരശ്ര അടിയുടെ അളവ് ചതുരശ്ര മീറ്ററായി തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഡാറ്റാ പ്യൂരിഫിക്കേഷൻ Unlock ചെയ്ത

സമയത്ത് ശരിയാക്കുകയും ചെയ്തിട്ടുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ ഓഡിറ്റ് വേളയിൽ പ്രസ്തുത കെട്ടിടങ്ങളുടെ ഫോം 6 ആവശ്യപ്പെട്ടതിലും മേൽ തറവിസ്തീർണം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കെട്ടിടങ്ങൾ നികുതിയിളവിന് അർഹതപ്പെട്ടതാണോ എന്ന് പരിശോധിച്ചുറപ്പു വരുത്തി കൃത്യമായ വിവരങ്ങൾ സഞ്ചയയിൽ ഉൾപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

- 11-3-2019 ലെ ധനകാര്യ സ്റ്റാൻ്റിംഗ് കമ്മിറ്റി മിനിട്സ് തീരുമാനം 2 പ്രകാരം വിവിധ കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ ഏതെല്ലാം കെട്ടിടങ്ങളുടെയാണെന്നുള്ള യാതൊരു വിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും ഒഴിവാക്കിയ കെട്ടിടങ്ങളുടെ പ്രത്യേകമായി എഴുതി മേൽ തീരുമാനത്തിന്റെ കൂടെ ചേർത്തു വയ്ക്കുന്നതാണ് എന്ന മറുപടി മാത്രമാണ് ലഭ്യമായത്.

അത്തരം കെട്ടിടങ്ങൾ ഒഴിവാക്കുന്നതിന് ലഭ്യമായ അപേക്ഷകൾ, ഇവ ഫീൽഡ് ഉദ്യോഗസ്ഥർ പരിശോധിച്ച് നൽകിയ റിപ്പോർട്ടുകൾ മുതലായ രേഖകളോ, എത്ര കെട്ടിടങ്ങളെയാണ് ഒഴിവാക്കിയെന്നതിന്റെയോ യാതൊരു വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല. അന്വേഷണ റിപ്പോർട്ടുകളോ ഉടമസ്ഥരുടെ അപേക്ഷകളോ ഹാജരാക്കാത്തവയുടെ കാര്യത്തിൽ അർഹതയില്ലാത്ത കെട്ടിടങ്ങളുടെ വസ്തുനികുതി ഒഴിവാക്കി നൽകിയിട്ടുണ്ടോ എന്ന് ഉറപ്പു വരുത്താൻ സാധ്യമായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിൽ ഇത്തരം വിഷയങ്ങളിൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ വ്യക്തമാക്കിയിട്ടും അവ പാലിക്കപ്പെടാതിരിക്കുന്നത് ശരിയായ കീഴ്വഴക്കമല്ല. ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.8, തിയ്യതി – 26-09-2019)

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

- 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24(3) പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള ഏതെങ്കിലും കെട്ടിടം പൊളിച്ചുകളയുകയോ നശിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കെട്ടിട ഉടമസ്ഥൻ അതു സംബന്ധിച്ച് സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും, ആ കെട്ടിടം പൊളിച്ചു കളയുകയോ നശിപ്പിക്കുകയോ ചെയ്യുന്ന അർദ്ധവർഷത്തിന്റെ അവസാനം വരെ, അപ്രകാരം ചെയ്തിട്ടില്ലായിരുന്നുവെങ്കിൽ ചുമത്തപ്പെടുമായിരുന്ന വസ്തുനികുതി നൽകുവാൻ അയാൾ ബാധ്യസ്ഥനായിരിക്കുന്നതുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

- ചട്ടം 21 (2) പ്രകാരം ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ കാര്യത്തിൽ കെട്ടിട ഉടമയോ, അയാളുടെ ഏജന്റോ കെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ ഏതു തിയ്യതിമുതൽ ഒഴിഞ്ഞു കിടക്കുമെന്നോ ഉള്ള വിവരങ്ങൾ സെക്രട്ടറിക്ക് നോട്ടീസ്

കൊടുത്തില്ലായെങ്കിൽ സെക്രട്ടറി നികുതി ഇളവു ചെയ്തു കൊടുക്കുവാൻ പാടില്ലാത്തതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

- 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളോടൊപ്പമുള്ള ഫോറം നം.11 ന് അനുസൃതമായി പഞ്ചായത്ത് പരിധിയിലുള്ള ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

**സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്**

ഗ്രാമപഞ്ചായത്തിന്റെ വരവ് വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനുള്ള ശ്രമം ഉണ്ടാവേണ്ടതാണ്. നിയമാനുസൃതമായി ഏർപ്പെടുത്താവുന്ന സേവന ഉപനികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ഈ വിഷയത്തിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

# 1-11 തൊഴിൽ നികുതി രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തെ രണ്ട് അർദ്ധവർഷങ്ങളിലെ തൊഴിൽ നികുതി ഡിമാന്റ്, പിരിവ്,

രേഖകളുടെ സൂക്ഷിപ്പ് എന്നിവ വിലയിരുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചുവരുന്ന സ്ഥാപനങ്ങളുടെ പട്ടിക, റിട്ടേണുകൾ, ഡിമാന്റ് രജിസ്റ്റർ മുതലായ രേഖകൾ പരിശോധിക്കുവാൻ ലക്ഷ്യമിടുകയും ആവശ്യമായ പരിശോധന നടത്തുകയും ചെയ്തു. പരിശോധനയുടെ വിവരം താഴെ ചേർക്കുന്നു.

**എ) സ്ഥാപന രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്**

1996 ലെ കേരള പഞ്ചായത്ത് രാജ്(തൊഴിൽ നികുതി)ചട്ടങ്ങളിലെ ചട്ടം 18(2) പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്തതിന്റെ പുരോഗതി വിലയിരുത്തുന്നതിനും പഞ്ചായത്തിന്റെ അധീനതയിലുള്ള എല്ലാ സ്ഥാപനങ്ങളും തൊഴിൽ നികുതി അടവാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും 5-ാം നമ്പർ ഫോറത്തിലുള്ള ഒരു രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുണ്ട്. ചട്ടം 18(3) പ്രകാരം 5-ാം നമ്പർ ഫോറത്തിന്റെ പകർപ്പ് ഓഫീസ് തലവനോ തൊഴിലുടമയ്ക്കോ നൽകേണ്ടതുമാണ്. നിലവിൽ സ്ഥാപനങ്ങളുടേ പേര് ഉൾപ്പെടുന്ന ഒരു ലിസ്റ്റ് ഡിമാന്റ് രജിസ്റ്ററിന്റെ ആദ്യഭാഗത്ത് ഉൾപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിലും മേൽവിഷയം സൂചിപ്പിച്ചിരുന്നുവെങ്കിലും പാലിച്ചിട്ടില്ല. ചട്ടം അനുസരിച്ച് രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതാണ്.

**ബി) കരാറുകാരിൽ നിന്നുള്ള തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പഞ്ചായത്തുമായി മരാമത്ത് പ്രവർത്തികളിൽ ഏർപ്പെട്ടിട്ടുള്ള താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. ചട്ടപ്രകാരം തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | കോൺട്രാക്ടറുടെ പേര് | കരാർ പ്രവർത്തികളുടെ എണ്ണം |
|---|---|---|
| 1 | കെ.ജയകൃഷ്ണൻ | 4 |
| 2 | എ.വി.ബാബു, PWD കോൺട്രാക്ടർ | 42 |
| 3 | എൻ ഹക്കീം, PWD കോൺട്രാക്ടർ | 9 |
| 4 | എം.നാരായണൻ കുട്ടി | 8 |
| 5 | പി.സുരേഷ് കുമാർ | 5 |
| 6 | എ.എൻ.സുരേഷ് കുമാർ | 9 |
| 7 | കെ.വി.രമേഷ്, PWD കോൺട്രാക്ടർ | 10 |

**സി)തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുള്ള എല്ലാ സ്ഥാപനങ്ങളേയും തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്**

പുതുതായി സ്ഥാപനങ്ങൾക്ക് ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോളും ലൈസൻസ് പുതുക്കുമ്പോളും അത്തരം സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടക്കുവാൻ ബാധ്യസ്ഥരായ ജീവനക്കാരുണ്ടെങ്കിൽ അവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യേണ്ടതും അത്തരം സ്ഥാപനങ്ങളെ സ്ഥാപന രജിസ്റ്ററിൽ ചേർക്കേണ്ടതുമാണ്.താഴെ പറയുന്ന സ്ഥാപനങ്ങളിൽ

നിന്നുള്ള ജീവനക്കാരെ തൊഴിൽ നികുതി സ്ഥാപനരജിസ്റ്ററിലും ഡിമാന്റ് രജിസ്റ്ററിലും ചേർക്കേണ്ടതും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതി ഈടാക്കേണ്ടതുമാണ് .

| ക്രമ നം. | സ്ഥാപനം(ജീവനക്കാരുടെ എണ്ണം) | വാർഡ് | അർദ്ധവർഷം |
|---|---|---|---|
| 1 | അരോമാറ്റിക് സോപ്പ്സ്(6) | 10 | 1&2 |
| 2 | ജെ ബി ഫാബ് ഗാർമെന്റ്സ്(4) | 12 | 1&2 |
| 3 | എസ് എം ഏജൻസീസ്(3) | 1 | 1&2 |
| 4 | എ ബി എസ് ഇൻഡസ്ട്രീസ് & മാർക്കറ്റിങ്(7) | 1 | 1&2 |
| 5 | പേലെസ്സ് സൂപ്പർ മാർക്കറ്റ്(3) | 1 | 1&2 |
| 6 | ഡെസ് ഇന്റർനാഷണൽ(8) | 2 | 1&2 |
| 7 | പോസ്റ്റ് ഓഫീസ്, പാട്ടൂർ(2) | ലഭ്യമായില്ല | 2 |
| 8 | എ എസ് സ്പോർട്സ് വെയർ(6) | ലഭ്യമായില്ല | 1&2 |
| 9 | സെന്റ് മേരീസ് ഫ്ലവർ മിൽ(5) | ലഭ്യമായില്ല | 1&2 |
| 10 | പരക്കാട്ട് കാവ് ക്ഷേത്രം | ലഭ്യമായില്ല | 1&2 |
| 11 | ക്ഷീരോൽപ്പാദക സഹകരണ സംഘം, ഇരട്ടക്കുളം | ലഭ്യമായില്ല | 1&2 |
| 12 | ക്ഷീരോൽപ്പാദക സഹകരണ സംഘം, ചുണ്ടക്കാട് | ലഭ്യമായില്ല | 1&2 |

**ഡി)റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കേണ്ടതാണ്.**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരം ഹാജരാക്കേണ്ടതാണ്.

# 1-12 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ്- നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

2018-19 വർഷത്തിൽ ലഭിച്ച ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

**ഡി&ഒ ലൈസൻസ് - ഭേദഗതി ചട്ടങ്ങൾ പ്രകാരമുള്ള ഫീ ഈടാക്കേണ്ടതാണ്**

**ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് - പുതുക്കിയ ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ**

31.10.2017 ലെ ജി.ഒ (പി) നം 80/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ.നം.674/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം കേരള പഞ്ചായത്ത് രാജ് **(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ,** 1996 എന്ന് പുനർ നാമകരണം ചെയ്തിട്ടുണ്ട്. ഭേദഗതിക്ക മുമ്പ്, ചട്ടം 10 ലെ പട്ടിക രണ്ട് പ്രകാരം വിറ്റുവരവിന്റെ അടിസ്ഥാനത്തിലാണ് സ്ഥാപനങ്ങളുടെ പരമാവധി ലൈസൻസ് ഫീസ് ഈടാക്കിയിരുന്നത്. ഭേദഗതി ചട്ടങ്ങൾ അനുസരിച്ച് സ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നീ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ഫീസ് ഈടാക്കേണ്ടതാണ്.

| ക്രമ നം. | വ്യവസായസ്ഥാപനത്തിന്റെ തരം | ചുമത്താവുന്ന പരമാവധി തുക |
|---|---|---|
| 1 | മൈക്രോ | 500/- |
| 2 | മിനി | 1000/- |
| 3 | സ്മാൾ | 5000/- |
| 4 | മീഡിയം | 10000/- |
| 5 | ലാർജ്ജ് | 15000/- |

കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ വിറ്റ് വരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീ കണക്കാക്കിയിരിക്കുന്നത്. പുതുക്കിയ ലൈസൻസ് ഫീസ് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സ്വീകരിക്കേണ്ടതാണ്.

**ബി) പഞ്ചായത്ത് പരിധിയിലെ റേഷൻ ഡിപ്പോകൾ ലൈസൻസ് എടുത്തിട്ടില്ല**

1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ ഫാക്ടറികൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ **(നിലവിൽ 1996 ലെ** കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങൾ) പട്ടിക ഒന്നിലെ ക്രമ നം. 149 പ്രകാരം റേഷൻകടകൾക്ക് പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്. എന്നാൽ കാവശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളൊന്നും ലൈസൻസ് എടുത്തിട്ടില്ലെന്ന് ലൈസൻസ് രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലൈസൻസിന്റെ പരിധിയിൽ കൊണ്ടു വരേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**സി)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.**

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുക്കുന്നുണ്ടെന്നും പുതുക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തുന്നതിനായി വാർഡ് അടിസ്ഥാനത്തിലുള്ള ഒരു ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കേണ്ടതാണ്. ഓരോ വർഷവും സ്ഥാപനങ്ങളുടെ ലിസ്റ്റ് കാലികമാക്കേണ്ടതും ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകേണ്ടതുമാണ്. പുതിയ സ്ഥാപനങ്ങളെ ലൈസൻസ്

പരിധിയിൽ കൊണ്ടുവരുന്നതിനായി ഓരോ വർഷവും ഫീൽഡ് പരിശോധന നടത്തി വാർഡ് തലത്തിൽ ലിസ്റ്റ് കാലികമാക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>

1.2017 ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീ പുതുക്കി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2.ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകൾ പൂർണ്ണമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

3.ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും ലൈസൻസ് ഇല്ലാതെ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

4.സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള ഇലക്ട്രോണിക് ഡാറ്റാബേസ് തയ്യാറാക്കേണ്ടതാണ്.

# 1-13 വാട്ടർ ചാർജ്ജ് - കുടിശ്ശിക തുകകൾ ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

കാവശ്ശേരി ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തുന്ന കുടിവെള്ള പദ്ധതിയിൽ 1423 ഗുണഭോക്താക്കളുണ്ട്. ഇതിൽ 1409 ഗാർഹിക കണക്ഷനുകളും 14 ഗാർഹികേതര കണക്ഷനുകളും ഉൾപ്പെടുന്നു. 2018-19 സാമ്പത്തിക വർഷത്തെ കുടിശ്ശിക തുകകളുടെ വിശദാംശം ചുവടെ കൊടുക്കുന്നു.

| ഇനം | കളക്ഷൻ | ബാലൻസ് |
|---|---|---|
| വാട്ടർ ചാർജ്ജ്(തൻവർഷം) | 6,36,773/- | 5,47,417/- |
| കുടിശ്ശിക | 5,17,682/- | 10,01,492 |
| **ആകെ** | 1154455/- | **15,48,909/-** |

ടി വിഷയം ഭരണസമിതി ചർച്ച ചെയ്തിട്ടുള്ളതും ഡിമാന്റ് നോട്ടീസ് കുടുംബശ്രീ പ്രവർത്തകർ മുഖാന്തിരം നൽകുന്നതിന് തീരുമാനം എടുത്തിട്ടുള്ളതുമാണെന്ന് ഓഡിറ്റ് അന്വേഷണം-6(26-9-19) ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. തുക ഈടാക്കാനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-14 പാൽ സബ്സിഡി - പദ്ധതി ആസൂത്രണ നിർവ്വഹണ നടപടികൾ

# കാര്യക്ഷമമാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ക്ഷീര സംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് 1 ലിറ്റർ പാലിന് പരമാവധി 4 രൂപ നിരക്കിൽ സബ്സിഡി നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച് **പാൽ സബ്സിഡി** എന്ന പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. പഞ്ചായത്തിലുള്ള 5 ക്ഷീരസംഘങ്ങളിൽ പാലളന്ന പ്രസ്തുത കാലയളവ് മുഴുവനും ആനുകൂല്യം അനുവദിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചതിൽ കീഴിലുള്ളവർക്കും 5 മാസത്തെ ആനുകൂല്യം മാത്രമേ നൽകിയിട്ടുള്ളൂ എന്ന് കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**പ്രോജക്ട് : 31/19 - പാൽ സബ്സിഡി**

നിർവഹണോദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്ട്രക്ടർ

തൻവർഷത്തെ അടങ്കൽ - 582000 രൂപ

മേൽ അടങ്കൽ തുകയിൽ 300000 രൂപ വികസന ഫണ്ട് - ജനറൽ, 225000 രൂപ ബ്ലോക്ക് വിഹിതം, 57000 രൂപ ജില്ലാ പഞ്ചായത്ത് വിഹിതം എന്നിങ്ങനെയാണ് ഫണ്ടിന്റെ സ്രോതസ്സുകൾ.

582000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| തുക | 300000/- | 225000/- | 57000/- |
|---|---|---|---|
| ഫണ്ടിനം | വികസന ഫണ്ട് - ജനറൽ | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം |
| ബിൽ/ചെക്ക് നം. | 1/11-12-18 | 0644837/ 19-12-18 | 2079076/ 15-3-19 |
| ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ എണ്ണം | 238 | 232 | 147 |
| പാലളവിന് ആനുകൂല്യം നൽകിയ കാലയളവ് | 2018 ഏപ്രിൽ മുതൽ 2018 ജൂൺ വരെ | ജൂലൈ 2018 | ആഗസ്റ്റ് 2018 |
| 1 ലിറ്റർ പാലിന് നൽകിയ സബ്സിഡി നിരക്ക് | 3 രൂപ | 3 രൂപ | 2 രൂപ |

പദ്ധതി ആസൂത്രണം മുതൽ പൂർത്തീകരണം വരെയുള്ള വിവിധ ഘട്ടങ്ങൾ ഓഡിറ്റിൽ പരിശോധനാവിധേയമാക്കിയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**1.** അനുവദനീയമായ നിരക്കിൽ സബ്സിഡി അർഹതപ്പെട്ട കാലയളവിന് നൽകാൻ സാധിച്ചിട്ടില്ല. 4 മാസങ്ങളിൽ ഒരു ലിറ്റർ പാലളവിന് 3 രൂപ നിരക്കിലും 1 മാസം 2 രൂപ നിരക്കിലുമായി ആകെ 5 മാസങ്ങളിലെ പാലളവിന് സബ്സിഡി നൽകുന്നതിനു മാത്രമാണ് അടങ്കൽ തുക പര്യാപ്തമായിരുന്നത്.

ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യാതിരുന്നതിനാലാണ് ഭാഗികമായി മാത്രം ആനുകൂല്യം നൽകിയിട്ടുള്ളതെന്ന് വിലയിരുത്തുന്നു.

**2.** പത്തനാപുരം, പാട്ടൂർ, കഴനി, ഇരട്ടക്കുളം, ചുണ്ടക്കാട് എന്നീ 5 ക്ഷീരോത്പാദക സംഘങ്ങളിൽ പാലളന്ന കർഷകരുടെ പാലളവിന്റെ വിശദാംശങ്ങളടങ്ങിയ സംഘങ്ങളിൽ നിന്നുള്ള സ്റ്റേറ്റ്മെന്റുകൾ ചെലവുരേഖകളോടൊപ്പം ഹാജരാക്കിയത് ഓഡിറ്റിൽ പരിശോധിച്ചു. ഹാജരാക്കിയ പാലളവിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ഇരട്ടക്കുളം ക്ഷീരോത്പാദക സംഘത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പാലളന്ന കർഷകരുടെയും പാലളവിന്റെയും വിശദാംശങ്ങളടങ്ങിയ രജിസ്റ്റർ (പർച്ചെയ്സ് രജിസ്റ്റർ) ഹാജരാക്കുവാൻ ആവശ്യപ്പെടുകയും ആയത് പരിശോധിക്കുകയും ചെയ്തതിൽ പർച്ചെയ്സ് രജിസ്റ്റർ പ്രകാരം സംഘത്തിൽ അളന്ന പാലിന്റെ അളവും ചെലവു രേഖകളോടൊപ്പം ഹാജരാക്കിയ പാലിന്റെ അളവും തമ്മിൽ വ്യത്യാസം ഉള്ളതായി കണ്ടെത്തി. **ഇരട്ടക്കുളം ക്ഷീരോത്പാദക സംഘത്തിൽ** പാലളന്ന 2 കർഷകരുടെ ആനുകൂല്യം നൽകിയ മാസങ്ങളിലെ മുഴുവൻ ദിവസങ്ങളിലെയും രാവിലെയും വൈകുന്നേരവും പാലളന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ വ്യത്യാസം ഉദാഹരണമായി താഴെ ചേർക്കുന്നു.

| പേര് | ടി.എ അബ്ദുൾഖാദർ | സുന്ദരി.വി |
|---|---|---|
| 2018 ഏപ്രിൽ മുതൽ 2018 ജൂൺ വരെ പാലളവ് | രജിസ്റ്റർ പ്രകാരം - **596.6** ലിറ്റർ<br>ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം - **926** ലിറ്റർ | രജിസ്റ്റർ പ്രകാരം - **992.4** ലിറ്റർ<br>ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം - **1585** ലിറ്റർ |
| ജൂലൈ 2018 | രജിസ്റ്റർ പ്രകാരം - 705.7 ലിറ്റർ<br>ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം - 729 ലിറ്റർ | രജിസ്റ്റർ പ്രകാരം - 167.7 ലിറ്റർ<br>ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം - പാലളവില്ല |
| ആഗസ്റ്റ് 2018 | രജിസ്റ്റർ പ്രകാരം - 923.8 ലിറ്റർ<br>ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം - വ്യത്യാസമില്ല | രജിസ്റ്റർ പ്രകാരം - **175.8** ലിറ്റർ<br>ഹാജരാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം - **1972** ലിറ്റർ |

അനുവദനീയമായ നിരക്കിൽ സബ്സിഡി അർഹതപ്പെട്ട കാലയളവിന് നൽകുന്ന പ്രകാരം പദ്ധതി ആസൂത്രണം ചെയ്യാതിരുന്നതിനും മതിയായ പരിശോധന നടത്താതെ ആനുകൂല്യം അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.9, തിയ്യതി – 26-09-2019 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും രേഖാമൂലം മറുപടി ലഭ്യമാക്കിയിട്ടില്ല.

**<u>ഓഡിറ്റ് നിർദ്ദേശങ്ങൾ</u>**

1. ഗുണഭോക്താക്കളുടെ കൃത്യമായ എണ്ണവും അളക്കുന്ന പാലിന്റെ ശരാശരിയും

കണക്കിലെടുത്ത് 12 മാസത്തെ ആനുകൂല്യം അനുവദിക്കുന്ന തരത്തിൽ പ്രൊജക്റ്റ് ആസൂത്രണം ചെയ്യുന്നതിന് ശ്രമിക്കേണ്ടതാണ്.

2. കൃത്യമായ പാലളവിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി അനുവദിക്കുന്നത് എന്നുറപ്പ് വരുത്തുന്നതിന് സംഘങ്ങളിലെ പാലളവ് രജിസ്റ്ററും സബ്സിഡി ആനുകൂല്യത്തിന് സമർപ്പിച്ച പാലളവു വിവരങ്ങളും താരതമ്യപ്പെടുത്തി പരിശോധിച്ചുറപ്പു വരുത്തുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-15 ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്- മുഴുവൻ തുക ഉപയോഗിച്ചിട്ടില്ല

പ്രൊജക്റ്റ് നം-27/18-19

പ്രൊജക്റ്റിന്റെ പേര്-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

അടങ്കൽ- 1,25,000/-

ചെലവ്- 89,600/-

ബിൽ നം- 2/31.1.19

നിർവ്വഹണ ഉദ്യോഗസ്ഥൻ- ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്റ്റിനായി എസ് സി പി പ്രകാരം 1,25,000/- രൂപ വകയിരുത്തിയിട്ടുണ്ട്. 89600/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മുഴുവൻ തുക ചെലവഴിക്കാത്തതുമൂലം വിദ്യാർത്ഥികൾക്ക് അർഹമായതിലും കുറഞ്ഞ തുകയാണ് ലഭ്യമായിട്ടുള്ളത്. വിദ്യാലയങ്ങളിൽ പോകുന്ന മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുമ്പോൾ വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള 2000/- രൂപ, ഉല്ലാസയാത്ര ചെലവുകൾക്കുള്ള 1000 രൂപ എന്നിവ കൂടി ഉൾപ്പെടുത്തി പരമാവധി തുക നൽകുവാൻ ശ്രമിക്കേണ്ടതാണ്. അടുത്ത പദ്ധതിവർഷം മുതൽ മേൽ കാര്യം കൂടി പരിഗണിച്ച് സ്കോളർഷിപ്പ് അനുവദിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണം 7(29-9.19) ന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

# 1-16 ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

ഇ.എം.എസ് ഭവന പദ്ധതി (2009-10) – ൽ ഉൾപ്പെട്ട് ഭവന നിർമ്മാണം പൂർത്തിയാക്കാത്ത 8 ഗുണഭോക്താക്കളെയും ജവഹർ ഭവന പദ്ധതി (2015-16) – ൽ ഉൾപ്പെട്ട ഒരു

ഗുണഭോക്താവിനെയും ഉൾപ്പെടുത്തി ലൈഫ് ഒന്നാം ഘട്ടമായി ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുന്നതിന് 2017-18 ൽ ലൈഫ് - പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം എന്ന പ്രൊജക്ട് നടപ്പിലാക്കുകയും 2018-19 ൽ **പ്രൊജക്ട് നം.150/19** പ്രകാരം സ്പിൽ ഓവർ പ്രൊജക്ട് ആയി തുടർന്നു വരുകയും ചെയ്തിട്ടുണ്ട്. പ്രൊജക്ടിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

**അടങ്കൽ - 835000 (ബ്ലോക്ക് വിഹിതം)**

**ചെലവ് - 795000**

പ്രൊജക്ടിന്റെ ചെലവു രേഖകളുടെ പരിശോധനയിൽ ഒരു ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ലാത്തതായും അവസാന ഗഡു കൈപ്പറ്റിയിട്ടില്ലാത്തതായും കാണുന്നു. ഗുണഭോക്താവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

**ശ്രീ. സുകുമാരൻ. എം, കാക്കമ്പാറ, ഇരട്ടക്കുളം**

ഉൾപ്പെട്ടിരുന്ന പദ്ധതി - ഇ.എം.എസ് ഭവന പദ്ധതി (2009-10)

ലൈഫ് പദ്ധതി പ്രകാരം പൂർത്തീകരിക്കുന്നതിന് അർഹമായ തുക – 370000/-

നൽകാൻ അവശേഷിക്കുന്ന അവസാന ഗഡു - 40000/-
26-09-2019 – ലെ ഓഡിറ്റ് അന്വേഷണം നം.11 ന്റെ മറുപടിയിൽ ഒരുമാസത്തിനകം പണി പൂർത്തീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുള്ളതായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ലൈഫ് രണ്ടാം ഘട്ട ഭവനങ്ങൾ 50 ശതമാനത്തിലധികം പൂർത്തിയായ സാഹചര്യത്തിൽ ഒന്നാം ഘട്ടത്തിലെ ഭവന നിർമ്മാണം എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് അവസാന ഗഡു നൽകി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-17 അങ്കണവാടികളുടെ പ്രവർത്തനങ്ങൾ - ഓഡിറ്റ് നിരീക്ഷണങ്ങൾ

2018-19 വർഷത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളുടെ പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

**<u>1. അങ്കണവാടി പോഷകാഹാര വിതരണം - ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല</u>**

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം ഓരോ രണ്ട് മാസത്തിലും ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച്

പ്രൊഡക്ഷന്റേയും സാമ്പിൾ ശേഖരിച്ച് പരിശോധനക്ക് വിധേയമാക്കുവാനും ICDS.ബി.3-312/2010 തിയ്യതി 5.6.2010, 1.2.2010 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ ക്ഷേമ ഡയറക്ടറുടെ 18.12.2010 ലെ ഇതേ നമ്പർ കത്ത് പ്രകാരം ശിശുവികസന/പ്രോഗ്രാം ഓഫീസർമാർക്ക് ഭക്ഷ്യ മിശ്രിതം തൃപ്തികരമാണെന്നുള്ള ലാബ് റിപ്പോർട്ട് ലഭ്യമാക്കണമെന്നും, സാമ്പിളുകൾ തൃപ്തികരമല്ല എന്നാണ് റിപ്പോർട്ടെങ്കിൽ ഭക്ഷ്യ മിശ്രിതത്തിന്റെ വില ആയവ വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ കാവശ്ശേരി ഗ്രാമ പഞ്ചായത്തിൽ ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകൾ അനുവദനീയമായ സമയപരിധിയായ ഓരോ രണ്ട് മാസത്തിലൊരിക്കൽ വീതം പരിശോധനയ്ക്ക് വിധേയമാക്കി ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നില്ല എന്ന് കണ്ടെത്തി. 2018-19 സാമ്പത്തിക വർഷത്തിൽ ഒരു തവണ മാത്രമാണ് റിപ്പോർട്ട് (25.10.2018 തിയതിയിലെ 553/09/QCL/CHN നമ്പർ റിപ്പോർട്ട്) ലഭ്യമാക്കിയിട്ടുള്ളത്. ടി.എച്ച്.ആർ.എസ്. ഭക്ഷ്യ മിശ്രിതത്തിന്റെ സാമ്പിളുകളുടെ ലാബ് റിപ്പോർട്ട് അനുവദനീയമായ സമയപരിധിക്കകം ലഭ്യമാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ/രേഖകൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയിട്ടില്ല.

**2. അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ - കേന്ദ്ര ഫണ്ട് പ്രയോജനപ്പെടുത്തേണ്ടതാണ്**

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 03.09.2010 ലെ സർക്കുലർ നമ്പർ 39033/ഡി.സി.2/2010 പ്രകാരം പൂരക പോഷകാഹാര പരിപാടിക്കായി (എസ്.എൻ.പി) ലഭ്യമാക്കുന്ന കേന്ദ്രസഹായത്തിലെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ/സംഭരണികൾ മുതലായവ വാങ്ങുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ടതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 27 അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങളുടെയും, അടിസ്ഥാന സൗകര്യങ്ങളുടെയും വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നം. | അടിസ്ഥാന വിവരങ്ങൾ | വിശദാംശം |
|---|---|---|
| 1 | അങ്കണവാടികളുടെ എണ്ണം | 27 |
| 2 | സ്വന്തമായി കെട്ടിടമില്ലാത്ത സെന്ററുകളുടെ എണ്ണം | 7 |
| 3 | മെയിന്റൻസ് ആവശ്യമായവ, പ്രവർത്തനത്തിന് മതിയായ സൗകര്യം ഇല്ലാത്തവ | 4 |
| 5 | ബേബി ഫ്രണ്ടലി ടോയ്‌ലറ്റ് ഇല്ലാത്തവ | 27 |
| 6 | ചുറ്റ് മതിൽ ഇല്ലാത്തവ | 17 |
| 7 | കമ്പ്യൂട്ടർ ലഭിച്ചിട്ടുള്ള അങ്കണവാടികളുടെ എണ്ണം | 8 (3 എണ്ണം ഉപയോഗയോഗ്യമല്ല) |

31-03-2019 ലെ നീക്കിയിരിപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിൽ ഐ.സി.ഡി.എസ്സിന് ലഭിച്ച കേന്ദ്ര വിഹിതത്തിൽ ₹2202451 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. ടി തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, മറ്റ് അടിസ്ഥാന സൗകര്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്.

2018-19 വർഷത്തിൽ അങ്കണവാടി പോഷകാഹാരം (ജനറൽ, എസ്.സി.പി) പ്രൊജക്ടുകൾക്കായി ₹1100000 കേന്ദ്ര വിഹിതത്തിൽ നിന്നും വകയിരുത്തിയിരുന്നുവെങ്കിലും യാതൊരും ചെലവും ഉണ്ടായിട്ടില്ല.

എൽ.എസ്.ജി.ഡി അസി.എഞ്ചിനീയറുടെ 2018-19 വർഷത്തെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം മെയിന്റൻസ് ആവശ്യമായതും പ്രവർത്തനത്തിന് മതിയായ സൗകര്യം ഇല്ലാത്തതുമായി 4 അങ്കണവാടികൾ ഉണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.10, തിയ്യതി – 26-09-2019 പ്രകാരം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഒരു അങ്കണവാടിക്ക് സ്ഥലം ലഭ്യമായിട്ടുണ്ട്, 2 അങ്കണവാടികൾ പുതുക്കി പണിയുന്നതിന് തീരുമാനമായിട്ടുണ്ട്, ഒരു ബേബി ഫ്രണ്ട്ലി ടോയ്ലറ്റ് നിർമ്മിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട് എന്നീ വിവരങ്ങൾ അറിയിച്ചിട്ടുണ്ട്. കേന്ദ്രവിഹിതം ഫലപ്രദമായ രീതിയിൽ വിനിയോഗിക്കുന്നതിനും അങ്കണവാടി കെട്ടിടങ്ങൾ യഥാസമയം അറ്റകുറ്റപണികൾ നടത്തുന്നതിനും വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നവയ്ക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകുന്നതുമായ പരിഹാര നടപടികൾക്കനുസൃതമായി പദ്ധതികൾ ആവിഷ്കരിച്ച് തുടർനടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-18 ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യാൻ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് തിരിച്ചടക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വൗച്ചർ നമ്പർ 21800545/9.10.18 പ്രകാരം 11800 രൂപ രാമചന്ദ്രൻ & രാമചന്ദ്രൻ അസോസിയേറ്റ്സ്, സൂര്യ കിരൺ കോളേജ് റോഡ്, പാലക്കാട് എന്നവരുടെ അക്കൗണ്ടിലേക്ക് (0063073000002323) 'Income Tax Return E filing Fee (Individual-2017-18) എന്ന ഇനത്തിൽ നൽകിയിട്ടുണ്ട്. വ്യക്തികളുടെ റിട്ടേൺ ഫയൽ ചെയ്യാൻ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 13/27.9.19) ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കാമെന്ന്

അറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ച 11800 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ താഴെ പറയുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കിയില്ല.

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ | അക്കൗണ്ട് നമ്പർ |
|---|---|---|---|---|---|
| 188/19 | ABC പ്രോഗ്രാം | 350000 (Plan fund) | 350000 | 12/ 16.10.18 | 799011400002200 (ജില്ലാ പഞ്ചായത്ത്) |
| 5/19 | IKM ന് നൽകാനുള്ള വിഹിതം | 101493 (Plan fund) | 101493 | 1/ 29.6.18 | 57047023512 (IKM) |
| 205/19 | ആറപ്പുഴ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 103000 (തനത് ഫണ്ട്) | 102037 | 845/5.2.19 | 67034907411 (KSEB ആലത്തൂർ) |
| 32/19 | SC കോളനി കളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 55000 (Plan fund) | 50488 | 34/26.2.19 | 67034907411 (KSEB ആലത്തൂർ) |

ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം ( 2/23.9.19, 13/27.9.19 ) നൽകിയെങ്കിലും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-20 മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിച്ചു

തെരുവ് വിളക്കുകളുടെ മെയിന്റനൻസ് തുടങ്ങിയ തനത് ആസ്തികളുടെ മെയിന്റനൻസിന് സംരക്ഷണഗ്രാന്റ് വിനിയോഗിക്കരുത് എന്ന് സർക്കുലർ - 75326/FM1/2007/lsgd/30.1.2008 ൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. റോഡിതര സംരക്ഷണഗ്രാന്റ് വിനിയോഗിക്കാവുന്ന ഇനങ്ങളെ സംബന്ധിച്ച് ജി.ഒ.(എം.എസ്) 300/2010/lsgd/ 10.12.2010 ൽ വ്യക്തമാക്കിയിട്ടുണ്ട്.

മേൽ ഉത്തരവുകൾക്ക് വിരുദ്ധമായി ഗ്രാമപഞ്ചായത്ത് തെരുവ് വിളക്കുകൾക്കായി താഴെ പറയുന്ന 3 പദ്ധതികൾ മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | അടങ്കൽ | ചെലവ്-ബിൽ നമ്പർ | ചെലവ് തുക |
|---|---|---|---|
| തെരുവ് വിളക്കുകളുടെ മെയിന്റനൻസ് -ഇലക്ട്രിക് സാധനങ്ങൾ (ഓട്ടോമാറ്റിക് ഓൺ/ഓഫ്) | 400000 | 43/27.3.19 | 399812 |

| | | | |
|---|---|---|---|
| വാങ്ങൽ (10/19) | | | |
| തെരുവ് വിളക്കുകളുടെ മെയിന്റൻസ് -ഇലക്ട്രിക് സാധനങ്ങൾ (ഓർഡിനറി ബൾബ് വാങ്ങൽ) (140/19) | 300000 | 45/27.3.19 | 299798 |
| തെരുവ് വിളക്കുകളുടെ മെയിന്റൻസ് -സർവ്വീസ് ചാർജ്ജ് നൽകൽ | 300000 | 44/27.3.19 | 254600 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/23.9.19) മറുപടിയൊന്നും സമർപ്പിച്ചില്ല.

മെയിന്റനൻസ് ഗ്രാന്റ് വകമാറ്റി ചെലവഴിക്കാതിരിക്കുവാനും സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുവാനും ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 വൈദ്യുതോപകരണങ്ങളുടെ വാങ്ങലുകൾ – കൃത്യമായ രേഖകളില്ല.

പ്രൊജക്ട് നം 10/19 പ്രകാരം മെയിന്റൻസ് ഫണ്ടിൽ നിന്നും 399812/-രൂപ വിനിയോഗിച്ച് ടെൻഡർ നടപടികളിലൂടെ ലക്ഷ്മി ഇലക്ട്രിക്കൽസിൽ നിന്നും CFL ബൾബ് , ഇലക്ട്രോണിക് ബോർഡ്, എൽ.ഡി,ആർ, CFL ഹോൾഡർ തുടങ്ങിയവയും, പ്രോജക്ട് നം 140/19 പ്രകാരം 299718/- രൂപയ്ക്ക് ടെണ്ടർ നടപടികളിലൂടെ മേൽസ്ഥാപനത്തിൽ നിന്നും CFL,ചോക്ക്, സ്റ്റാർട്ടർ,കപ്പാസിറ്റർ തുടങ്ങിയവയും വാങ്ങിയിട്ടുണ്ട്. ഈ വാങ്ങൽ നടപടികൾക്ക് പ്രൊക്യൂർമെന്റ് കമ്മിറ്റി ചർച്ച നടത്തുകയോ തീരുമാനങ്ങൾ എടുക്കുകയോ അംഗീകാരം നൽകുകയോ ചെയ്തിട്ടില്ല. മേൽ പദ്ധതികൾ പ്രകാരം വാങ്ങിയതും മെയിന്റനൻസിനായി വിതരണം ചെയ്തതുമായ വൈദ്യുതോപകരണങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളുടെ സാക്ഷ്യപ്പെടുത്തലോട്കൂടി സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. മാറ്റിസ്ഥാപിച്ച പഴയ ഉപകരണങ്ങൾ തിരികെ ലഭിച്ചതിന്റെ വിവരങ്ങളും ലഭ്യമല്ല. പുതിയതായി സ്ഥാപിക്കുന്നതിന് വാങ്ങിയ മേൽ ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ വിവരങ്ങൾ രജിസ്റ്ററിൽ എഴുതി അധികാരപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഓരോ വാർഡിലേയും മെമ്പർമാർ തങ്ങളുടെ വാർഡിൽ സ്ഥാപിച്ച തെരുവ് വിളക്കുകളുടെ പോസ്റ്റ് നം എഴുതിയ ഏതാനും പേപ്പറുകളുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് പരിശോധനയ്ക്കായി ഹാജരാക്കിയത്. ഇത് കൂടാതെ SC കോളനികളിലേക്ക് LED Light സ്ഥാപിക്കൽ എന്ന പ്രൊജക്ട് പ്രകാരം താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

a) LED Conversion എന്ന പ്രൊജക്ട് പ്രകാരം (നമ്പർ 175/18) 310000 രൂപ ബിൽ നമ്പർ 10/28.9.18 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ വിളിച്ചതിൽ കുറവ് തുക ക്വാട്ട് ചെയ്ത സ്പാർക്ക് സൊല്യൂഷൻസ്, കാട്ടാകോട് റോഡ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് ടെണ്ടർ ഉറപ്പിക്കുകയും പ്രസ്തുത തുക 91702002568769 എന്ന അക്കൗണ്ട് നമ്പറിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.

ഇൻവോയ്സ് നമ്പർ-SP/19/2017-18/19.3.18

| ഇനം | എണ്ണം | തുക | ആകെ |
|---|---|---|---|
| LED Street light 24 W | 200 | 1383.93 | 276786 |
| Tax | | | 33214 |
| Total | | | 310000 |

പ്രസ്തുത LED ലൈറ്റുകൾ വാങ്ങിയത് സ്റ്റോക്കിലെടുത്തതിന്റെയും ഏതെല്ലാം പോസ്റ്റിലേക്കാണ് സ്ഥാപിച്ചതെന്നും ഉള്ള വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

b) എസ്.സി.കോളനികളിൽ LED സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ എന്ന പ്രൊജക്ട് ( നമ്പർ 33/19) പ്രകാരം 299440 രൂപ താഴെ പറയും പ്രകാരം ഗ്രീൻലീഫ് ടെക്നോളജി, പാലക്കാട് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഒന്നിന് 1495 രൂപ നിരക്കിൽ)

| ബിൽ നമ്പർ | ഇൻവോയ്സ് നമ്പർ | എണ്ണം | തുക |
|---|---|---|---|
| 42/25.3.19 | GLT/036/19.2.19 | 66 | 98670 |
| | GLT/037/19.2.19 | 66 | 98670 |
| | GLT/038/19.2.19 | 65 | 97175 |
| 27/14.2.19 | Supervision charge to KSEB | | 4925 |
| | Total | | 294515 |

പ്രസ്തുത LED ലൈറ്റുകൾ കോളനികളിൽ സ്ഥാപിച്ചിട്ടുണ്ടെന്ന KSEB യുടെ സാക്ഷ്യപത്രവും LED ബൾബുകൾ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങളും ഹാജരാക്കിയില്ല.

ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, നിരക്ക് എന്നിവ വാർഡ് അടിസ്ഥാനത്തിൽ രേഖപ്പെടുത്തിയ തെരുവ് വിളക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി KSEB യുമായി സംയുക്ത പരിശോധന നടത്തിയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം ( 2/23.9.19 ) നൽകിയെങ്കിലും റിപ്പോർട്ട് ഹാജരാക്കിയില്ല.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1) തെരുവു വിളക്കുകളുടെ വാർഡ് തിരിച്ചുള്ള എണ്ണവും തരവും കാണിക്കുന്ന രജിസ്റ്റർ കെ.എസ്.ഇ.ബി യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കാലികമാക്കി

സൂക്ഷിക്കേണ്ടതാണ്. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി താരതമ്യേന വാട്ടേജ് കുറവുള്ള എൽ.ഇ.ഡി ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോഴും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോഴും കണക്കുകളിൽ മാറ്റം വരുത്തി കാലികമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3) മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്. കൃത്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ മാത്രം അറ്റകുറ്റപ്പണികൾക്കുള്ള കരാർ നൽകേണ്ടതാണ്.

തെരുവു വിളക്കുകളുടെ പരിപാലനത്തിനായ സർക്കുലർ നം. 3055/ഡി.എ3/2011/തസ്വഭവ തിയതി 15-09-2011 , പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവ് നം. ജി2-44274/2015 തിയതി 17-08-2015 എന്നിവയിലെ നിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് തെരുവ് വിളക്ക് പരിപാലന ചുമതലയുള്ള വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അതിന് കീഴിൽ പ്രവർത്തിക്കുന്ന മരാമത്ത് പ്രവൃത്തികളും, ഊർജവും എന്ന വർക്കിംഗ് ഗ്രൂപ്പും ഈ വിഷയത്തിൽ ഇടപെടുകയും പദ്ധതി നിർവ്വഹണ വേളയിൽ മോണിറ്ററിംഗ് നടത്തുകയും ചെയ്യേണ്ടതാണ്.

# 1-22 വാഹന ഉപയോഗത്തിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെ.എൽ9 N 3167 നമ്പർ ജീപ്പിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ ചുവടെ ചേർത്ത അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെടുകയുണ്ടായി.

സത്യം ഫ്യൂവൽസ്, കാവശ്ശേരി എന്ന സ്ഥാപനത്തിൽ നിന്നും ഇൻവോയ്സ് നമ്പർ 440395/16.12.18 പ്രകാരം 35.85 ലിറ്റർ ഡീസൽ അടിച്ച ഇനത്തിൽ 2458.95 രൂപ നൽകിയിട്ടുണ്ട്. ലോഗ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത ഇന്ധനം അടിച്ചതായി രേഖപ്പെടുത്തിയിട്ടില്ല ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2459 രൂപ തിരിച്ചടക്കേണ്ടതാണ്.

ജി.ഒ.(എം.എസ്)170/07/ത.സ്വ.ഭ.വ/30.6.2007 പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന ആറു മാസത്തിലൊരിക്കൽ നടത്തേണ്ടതും ഇന്ധനക്ഷമതാ സർട്ടിഫിക്കററ് ലോഗ് ബുക്കിൽ പതിക്കേണ്ടതുമാണ്. ഇന്ധനക്ഷമതാ ടെസ്റ്റ് നടത്തിയതിന്റ സർട്ടിഫിക്കററ് ഓഡിറ്റിന് ഹാജരാക്കിയില്ല. വാഹനത്തിന്റെ ലോഗ്ബുക്ക് കസ്റ്റോഡിയൻ ഓഫീസർ ഇടയ്ക്കിടെ പരിശോധിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗം ക്രമപ്രകാരമാണെന്ന് ഉറപ്പുവരുത്തേണ്ടതും പരിശോധിച്ച വിവരം അതിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ സെക്രട്ടറി ലോഗ്ബുക്ക് പരിശോധിച്ച സാക്ഷ്യപ്പെടുത്തിയിട്ടില്ല. തൻമാസത്തെ ഇന്ധന ഉപയോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ തൻമാസം അവസാനത്തെ ദിവസംതന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ മാസാന്ത്യ സംക്ഷിപ്തം ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

വാഹന ഉപയോഗം, സംരക്ഷണം, നിയന്ത്രണം എന്നിവയ്ക്കായി സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

# 1-23 കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് ഏൽപ്പിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

സ.ഉ(സാധാരണ)നം.1275/09/ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം പുറപ്പെടുവിച്ചിച്ച മാർഗ്ഗരേഖയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പരിപാലിക്കുന്നതും ജല അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയതുമായ കുടിവെള്ള വിതരണ പദ്ധതികൾ ഗുണഭോക്തൃ സമിതികൾക്ക് കൈമാറേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്നും ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിലെ കാര്യക്ഷമതയും പരിശോധിച്ചതിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് നേരിട്ടു നടത്തുന്ന കുടിവെള്ളപദ്ധതിയിൽ 1423 ഗുണഭോക്താക്കൾ ഉള്ളതിൽ 1409 ഗാർഹിക കണക്ഷനും 14 ഗാർഹികേതര കണക്ഷനുകളുമാണ് ഉള്ളത്. ഗാർഹിക ഉപഭോക്താക്കളിൽ നിന്ന് പ്രതിമാസം 70രൂപയും ഗാർഹികേതര ഉപഭോക്താക്കളിൽ നിന്ന് 210 രൂപയുമാണ് നിലവിൽ ഈടാക്കി വരുന്നത്. പദ്ധതികളുടെ നടത്തിപ്പിനായി 3 പമ്പ് ഓപ്പറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. ഇവർക്ക് 500 രൂപയാണ് ദിവസ വേതനമായി നൽകുന്നത്. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചു കൊണ്ട് കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ് അതാത് പ്രദേശത്തെ ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീരിച്ചിട്ടില്ല. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പിനായി നാളിതുവരെ നിയമാവലി രൂപീകരിച്ചിട്ടില്ല. കുടിവെള്ളപദ്ധതികളുടെ കറന്റ് ചാർജ്ജ് ഇനത്തിലും റിപ്പയർ ഇനത്തിലുമായി തൻവർഷം 18 ലക്ഷത്തോളം രൂപ ചെലവഴിച്ചിട്ടുണ്ട്.

**ഓഡിറ്റ് നിർദ്ദേശങ്ങൾ**

1. കുടിവെള്ള പദ്ധതികളുടെ നടത്തിപ്പ്-സംരക്ഷണ ചുമതല ഗുണഭോക്തൃസമിതികളെ ഏൽപ്പിക്കേണ്ടതാണെന്ന 30-5-2009 ലെ സ.ഉ(സാ)നം. 1275/2009/ത.സ്വ.ഭ.വ ഉത്തരവിലെ നിർദ്ദേശം പാലിക്കുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കേണ്ടതാണ്. കുടിവെള്ള പദ്ധതികളുടെ പരിപാലനച്ചുമതല അതാത് പ്രദേശത്തെ ജനങ്ങളുടെ സമിതികൾക്ക് കൈമാറി എല്ലാവർക്കും കുടിവെള്ളം ഉറപ്പുവരുത്താവുന്നതാണെന്ന് തിരിച്ചറിഞ്ഞ് ആയതിനുള്ള തുടർ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഇക്കാര്യത്തിനായി ഉപഭോക്താക്കൾക്കിടയിൽ ബോധവത്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

2. പദ്ധതികൾ കൈമാറുന്നതുവരെ അവയുടെ നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനായി ഒരു നിയമാവലി തയ്യാറാക്കേണ്ടതാണ്.

3. ചെലവിന് ആനുപാതികമായി വെള്ളക്കരം കാലാനുസൃതമായി പുതുക്കി നിശ്ചയിച്ച് പദ്ധതികൾ ഗ്രാമപഞ്ചായത്തിന് ബാധ്യത സൃഷ്ടിക്കുന്നില്ല എന്ന് ഉറപ്പാക്കേണ്ടതാണ്.

4. കുടിവെള്ളത്തിന്റെ ദുരുപയോഗം നടക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതാണ്.

5. വെള്ളക്കരം കുടിശ്ശിക വരുത്തിയവർക്കെതിരെ നടപടികൾ സ്വീകരിച്ച് കുടിശ്ശിക, പിഴ സഹിതം പിരിച്ചെടുക്കേണ്ടതാണ്.

# 1-24 കമ്പ്യൂട്ടർ വാങ്ങിയതിന്റെ ബിൽ ,സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ : സെക്രട്ടറി

അടങ്കൽ : 150000

ചെലവ് : 115134

പഞ്ചായത്താഫീസിലേക്ക് കമ്പ്യൂട്ടർ, ഡ്യൂപ്ലക്സ് പ്രിന്റർ വാങ്ങൽ എന്ന പ്രൊജക്ട് പ്രകാരം (186/18) 115134 രൂപ പദ്ധതി വിഹിതത്തിൽ നിന്നും താഴെ പറയും പ്രകാരം ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയ്യതി | തുക | ഇനം |
|---|---|---|---|
| 1 | 30/14.2.19 | 32616 | പ്രിന്റർ |
| 2 | 32/25.2.19 | 82518 | കമ്പ്യൂട്ടർ |

ആയതിൽ ക്രമനമ്പർ 2 പ്രകാരം വാങ്ങിയ കമ്പ്യൂട്ടറിന്റെ ബിൽ, സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ എന്നിവ ഹാജരാക്കാൻ ഓഡിറ്റ് അന്വേഷണം (2/23.9.19) മുഖേന ആവശ്യപ്പെട്ടുവെങ്കിലും ഹാജരാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 82518 രൂപ തടസ്സപ്പെടുത്തുന്നു.

# 1-25 ഉപയോഗിക്കാതെ കിടക്കുന്ന പഞ്ചായത്തിന്റെ സ്ഥാപനത്തിന് വൈദ്യുതി ചാർജ്ജിനത്തിൽ തുക ചെലവഴിച്ചത് സംബന്ധിച്ച്

താഴെ പറയുന്ന 2 സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ഫണ്ടിൽ നിന്നും വൈദ്യുതി ചാർജ്ജിനത്തിൽ തുകകൾ നൽകിയിട്ടുണ്ട്.

ടൈലറിംഗ് യൂണിറ്റ്

| ബിൽ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 197/1.6.18 | 21800197/1.6.18 | 578 |
| 317/24.7.18 | 21800317/24.7.18 | 464 |
| 558/12.10.18 | 21800558/12.10.18 | 322 |
| 661/1.12.18 | 21800661/1.12.18 | 1059 |
| 998/26.3.19 | 21801124/26.3.19 | 1214 |

ഫിഷ് ബൂത്ത്

| ബിൽ നമ്പർ | വൗച്ചർ നമ്പർ | തുക |
|---|---|---|
| 147/17.5.18 | 21800147/17.5.18 | 92 |
| 558/12.10.18 | 21800558/12.10.18 | 72 |
| 636/16.11.18 | 21800636/16.11.18 | 96 |
| 973/22.3.19 | 21800973/22.3.19 | 187 |

പ്രസ്തുത സ്ഥാപനങ്ങൾ നടത്തുന്നവരുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടതിന്റേയും പഞ്ചായത്തിന് വാടക ഇനത്തിൽ വരുമാനം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റേയും വിവരം ലഭ്യമാക്കാൻ ഓഡിറ്റ് അന്വേഷണം നൽകിയതിന് (13/27.9.19) പ്രസ്തുത കെട്ടിങ്ങൾ ലേലത്തിൽ വച്ചിരുന്നുവെങ്കിലും ആരും ലേലം കൊള്ളാത്തതിനാൽ ഒഴിഞ്ഞു കിടക്കുകയാണെന്ന മറുപടിയാണ് ലഭിച്ചത്. എന്നാൽ ടൈലറിംഗ് യൂണിറ്റ് കെട്ടിടത്തിൽ വൈദ്യുതി ചാർജ്ജിനത്തിൽ വർദ്ധന ഉണ്ടായിട്ടുള്ളതിനാൽ നിജസ്ഥിതി പരിശോധിച്ച് പ്രസ്തുത കെട്ടിടങ്ങൾ പുനർലേലം നടത്തി ഉപയുക്തമാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-26 ടാർ ബാരലിന്റെ വില ഈടാക്കിയില്ല

ബിറ്റുമിൻ ഉപയോഗിച്ചുകൊണ്ടുള്ള റോഡു പ്രവൃത്തിയിൽ പാക്ക്ഡ് ബിറ്റുമിൻ നിരക്കാണ് ഡാറ്റയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ തുക അനുവദിക്കുമ്പോൾ കാലി ബാരലിന്റെ വില കുറവു ചെയ്യേണ്ടതുണ്ട്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളുടെ തുകയിൽ നിന്നും ബാരലിന്റെ തുക കുറവു ചെയ്യാതെയാണ് തുക അനുവദിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രവൃത്തിയുടെ പേര് | ചെലവ് - ബിൽ നമ്പർ - തുക | അളവു പുസ്തകം | എം.ബി. പ്രകാരം ഉപയോഗിച്ച ടാറിന്റെ അളവ് | ടാർ ബാരലിന്റെ വില |
|---|---|---|---|---|
| ചുണ്ടക്കാട് റോഡ് റീടാറിംഗ് | 4/14.6.18 - 812430 | 51/17-18 | VG 30- 45.456 Barrel | 49*281 - 13769 |

| | | | | |
|---|---|---|---|---|
| നമ്പർ - 171/19<br>കരാറുകാരൻ - ശ്രീ.എ.എൻ.സുരേഷ്കുമാർ<br>അടങ്കൽ - 873000 (M.G-Road) | | പേജ് നമ്പർ - 23 | RS-1 - 4.733 Barrel<br>ആകെ - 49 ബാരൽ | |
| ശാന്തിനഗർ ചോളക്കുഴി റോഡ് മെറ്റലിംഗ് ടാറിംഗ് - 162/19<br>കരാറുകാരൻ -എ.എൻ.സുരേഷ്കുമാർ<br>അടങ്കൽ - 423000 (M.G-R) | 5/16.6.18 - 418299 | 55/17-18<br>പേജ് നമ്പർ -16 | VG 30- 9.54 Barrel<br>RS-1 - 0.87 Barrel Barrel<br>SS 1-3.295<br>ആകെ - 13 ബാരൽ | 13*281 =3653 |
| മല്ലമ്പാറ കുറ്റിപ്പള്ളി റോഡ് മെറ്റലിംഗ് ടാറിംഗ് - 165/19<br>കരാറുകാരൻ -എ.എൻ.സുരേഷ്കുമാർ<br>അടങ്കൽ - 505000 (CFC) | 6/16.6.18 -475762 | 56/17-18<br>പേജ് നമ്പർ -28 | VG 30-19.85 Barrel<br>RS-1 - 2.007 Barrel<br>SS 1- 2.101 Barrel<br>ആകെ - 23 ബാരൽ | 23*281= 6463 |
| കുണ്ടുതൊടി<br>റോഡ് മെറ്റലിംഗ് ടാറിംഗ് - 163/19<br>കരാറുകാരൻ -R.G. Constructions<br>അടങ്കൽ - 850000 (M.G-R) | 1 st part bill dt.8.3.18 - 532521<br>Final bill - 7/22.6.18 -211039 | 30/17-18<br>പേജ് - 19 | VG 30- 15 Barrel<br>RS-1 - 2. Barrel<br>SS 1- 6 Barrel<br>ആകെ - 23 ബാരൽ | 23*281= 6463 |
| ആകെ | | | | 30348 |

മേൽ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 12/27.9.19 ന് മറുപടി ലഭ്യമായില്ല. 30348 രൂപ കരാറുകാരിൽ നിന്നോ ഉത്തരവാദിയായ നിർവഹണഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-27 പ്രവൃത്തിയുടെ കരാർ ചമയ്ക്കാൻ വൈകിയതിന് നിയമാനുസൃതമായ പിഴ ഈടാക്കിയില്ല

1.2.2012 ലെ സ.ഉ (പി)13/2012/പിഡബ്ള്യൂഡി പൊതുമരാമത്തു മാന്വൽ, സെക്ഷൻ 2009.6 അനുസരിച്ച് കരാറുകാരന്റെ ടെന്റർ സ്വീകരിച്ചിട്ടുള്ളപക്ഷം 7 ദിവസത്തിനുള്ളിൽ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകണം. അറിയിപ്പ് അയച്ച തീയ്യതി സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതിയായി കണക്കാക്കാം. ഈ തീയതിക്കുശേഷം 14 ദിവസിത്തിനുള്ളിൽ കരാർ വെക്കാത്തപക്ഷം 1 ശതമാനം പിഴ ചുമത്തിയശേഷം 10 ദിവസം കൂടി സമയം ദീർഘിപ്പിച്ചു നൽകാം. എന്നാൽ താഴെ പറയുന്ന വിവിധ പ്രവൃത്തികൾക്ക് നിയമാനുസൃതമായ സമയപരിധിക്കുള്ളിൽ കരാർ വെക്കാത്തതിന് പിഴ ഈടാക്കിയിട്ടില്ല.

1.പ്രവൃത്തിയുടെ പേര് : ചുണ്ടക്കാട് തീപ്പെട്ടി കമ്പനി റോഡ്

പ്രൊജക്റ്റ് നം. : 177/ 18-19

പി.എ.സി : 571000

ചെലവ് : 551509

ബിൽ നം. : 85/22.3.2019

കരാറുകാരന്റെ പേര് : ശ്രീ.എ.എൻ.സുരേഷ് കുമാർ

സെലക്ഷൻ നോട്ടീസ് തിയതി - 10.9.18

എഗ്രിമെന്റ് വെക്കേണ്ട തീയതി :23 .9.2018

എഗ്രിമെന്റ് വെച്ച തീയതി : 28.9.2018 ( ET/05/AE/28.9.18)

ഈടാക്കേണ്ട പിഴ : 5710രൂപ

2. പ്രവൃത്തിയുടെ പേര് : എസ്.സി.കോളനികളിൽ സാമൂഹ്യപഠനകേന്ദ്രം

പ്രൊജക്റ്റ് നം. : 53/ 18-19(പ്ലാൻ - എസ്.സി.പി)

അടങ്കൽ : 620000

പി.എ.സി - 597649

ചെലവ് : 594853

ബിൽ നം. : 86/22.3.2019

കരാറുകാരന്റെ പേര് : ശ്രീ.കെ.വി.രമേഷ്

സെലക്ഷൻ നോട്ടീസ് തിയതി - 10.9.18

എഗ്രിമെന്റ് വെക്കേണ്ട തീയതി :23 .9.2018

എഗ്രിമെന്റ് വെച്ച തീയതി : 28.9.2018 ( ET/06/AE/28.9.18)

ഈടാക്കേണ്ട പിഴ : 5976രൂപ

ഓഡിറ്റ് എൻക്വയറി 12/27.9.19 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടെങ്കിലും ലഭ്യമായില്ല. ആകെ 11686 രൂപ കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

# 1-28 പ്രവൃത്തി പൂർത്തിയാക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടില്ല

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. കരാറുകാരന്റെ പിഴവുമൂലം കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കിമാത്രമേ ആയത് അനുവദിക്കാവൂ. **താഴെ പറയുന്ന** പ്രവൃത്തി കരാർ കാലാവധിക്കകം പൂർത്തീകരിച്ചിട്ടില്ല. കാലാവധി ദീർഘിപ്പിക്കുന്നതിനായി കരാറുകാരൻ അപേക്ഷ നൽകുകയോ സപ്ലിമെന്ററി കരാർ ചമയ്ക്കുകയോ ചെയ്തിട്ടില്ല. കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് കരാർ വ്യവസ്ഥ പ്രകാരമുള്ള നിയമാനുസൃത പിഴയും ഈടാക്കിയിട്ടില്ല. കരാർ പ്രകാരം പൂർത്തിയാക്കേണ്ട കാലയളവിൽ പ്രവൃത്തി പൂർത്തീകരിച്ചില്ലെങ്കിൽ അനുവദിച്ച സമയത്തിന്റെ അഞ്ചിൽ ഒന്ന് സമയം ഗ്രേസ് പിരിയഡ് ആയി അനുവദിക്കാവുന്നതും തുടർന്ന് വരുന്ന കാലയളവിൽ ആദ്യ മൂന്ന് മാസത്തേക്ക് 1% നിരക്കിലും പിന്നീടുള്ള ഓരോ മൂന്ന് മാസത്തിലും 2% നിരക്കിലും പിഴ ഈടാക്കിക്കൊണ്ടുമാത്രമേ പൂർത്തീകരണ സമയം നീട്ടി നൽകുകയുള്ളുവെന്ന അസിസ്റ്റന്റ് എഞ്ചിനീയറും കോൺട്രാക്ടറും തമ്മിൽ ഒപ്പുവെച്ച കരാറിന്റെ ഖണ്ഡിക 7ൽ വ്യക്തമാക്കിയിട്ടുണ്ട്.

വിശദവിവരം താഴെ കൊടുക്കുന്നു.

1.പ്രവൃത്തിയുടെ പേര് : K.C.P. High school& Higher secondary school toilet Construction

പ്രൊജക്റ്റ് നം. : 166/19

പി.എ.സി : 850000

ചെലവ് : 765087

ബിൽ നം. : 10/17.08.2018

എം.ബുക്ക് നം. : 2/18-19

എഗ്രിമെന്റ് നം. : ET 19/17-18/17.2.2018

കരാറുകാരന്റെ പേര് : കെ.വി.രമേഷ്

പൂർത്തിയാക്കേണ്ട തീയതി : 31.3.2018

പൂർത്തിയാക്കിയ തീയതി : 20.7.2018

ഈടാക്കേണ്ട പിഴയുടെ വിവരം ചുവടെ ചേർക്കുന്നു.

പിഴ: 1.4.18 മുതൽ 9.04.18വരെ: ഗ്രേസ് പിരിയഡ് = 0 .00

പിഴ: 10.04.18 മുതൽ 9.07.18 വരെ:8,50,000*1% =8500.00

പിഴ: 10.07.18മുതൽ 20.7.18 വരെ: 850000*2%*11/90 =2077.00

ആകെ =10577.00

കരാറുകാരനിൽ നിന്നോ ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-29 മരാമത്ത് പ്രവർത്തികൾ - പൊതു അപാകതകൾ

ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ പൊതു അപാകതകൾ താഴെ ചേർക്കുന്നു.

- പ്രവൃത്തികളോടൊപ്പം വെച്ചിട്ടുള്ള എഗ്രിമെന്റിൽ 2/2012 ലെ പുതുക്കിയ പൊതുമരാമത്തു മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കാലോചിതമായി പരിഷ്ക്കരിച്ചിട്ടില്ല.
- ചില പ്രവൃത്തികളുടെ കരാറിൽ കരാറുകാരൻ ഒപ്പുവയ്ച്ചിട്ടില്ല. (ഉദാ. മൂപ്പുപറമ്പ് പൂരപ്പറമ്പ് റോഡ് പുനരുദ്ധാരണം - 81/19)
- വർക്ക് ഫയലുകളിൽ കരാറുകാരന്റെ നോമിനേഷൻ വാങ്ങി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല
- പദ്ധതി സ്ഥലത്ത് പ്രവൃത്തിയുടെ വിവരങ്ങൾ ചേർത്തിട്ടുള്ള Name Board വെക്കുന്നതായി രേഖകളില്ല.
- പ്രവൃത്തികളിൽ എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുമ്പോഴും എഗ്രിമെന്റ് കാലാവധിക്കു ശേഷം പൂർത്തീകരണത്തീയതി നീട്ടി നൽകുമ്പോഴും സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.
- പ്രവൃത്തികളുടെ ടെണ്ടർ അംഗീകരിച്ചതിനു ശേഷം കരാറുകാർക്ക് സെലക്ഷൻ നോട്ടീസ് നൽകുന്നതിനായി തയ്യാറാക്കിയിട്ടുള്ള നോട്ടീസിൽ ചേർത്തിരിക്കുന്ന വിവരങ്ങൾക്ക് കൃത്യതയില്ല.
- പദ്ധതി നിർവ്വഹണത്തിനും റോഡ് പ്രവൃത്തികൾ രൂപീകരിക്കുന്നതിനുമായി റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. കൃത്യമായ കണക്ടിവിറ്റി ഇല്ലാതെ റോഡ് പ്രവൃത്തി നടപ്പിലാക്കുന്നത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നതിന് ഇടയാക്കുന്നു.

- ആസ്തി സംരക്ഷണ പദ്ധതി /വാർഷിക മെയിന്റനൻസ് പ്ലാൻ തൻവർഷം (2018-19) തയ്യാറാക്കിയിട്ടുള്ളതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
- ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ 31.03.2019 വരെയുള്ള വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കിയിട്ടില്ല.

സ്പിൽ ഓവർ പ്രൊജക്ടുകൾ

2018-19 ൽ സ്പിൽ ഓവർ ആയി അംഗീകാരം ലഭിച്ച മരാമത്തുപ്രവൃത്തികളിൽ താഴെ പറയുന്ന 2 എണ്ണം 2018-19 ലും പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവർ ആയ വർഷം തന്നെ പൂർത്തിയാക്കണം എന്ന വ്യവസ്ഥ പാലിച്ചിട്ടില്ല.

| ക്രമ നം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക | ഫണ്ട് |
|---|---|---|---|
| 1. | കല്ലേപ്പുള്ളി പൂവ്വക്കോട് കുടിവെള്ളപദ്ധതി 167/18-19 | 800000 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 2. | 174/19-മുട്ടാളയ്ക്കൽ വാട്ടർടാങ്ക് | 495000 | പ്ലാൻ(എസ്.സി.പി) |

പദ്ധതി ഉപേക്ഷിച്ചതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 12/27.9.19 ന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദേശങ്ങൾ

- പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിക്കുന്നതിനു മുൻപായി ഭരണസാങ്കേതികാനുമതികൾക്കൊപ്പം ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.
- പ്രൊജക്റ്റുകളുടെ പ്രവർത്തന കലണ്ടർ അനുസരിച്ച് നടപടിക്രമങ്ങൾ പാലിച്ച് പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- മറ്റു വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി, NOC, ഫീസിബിലിറ്റി മുതലായവ ലഭ്യമാക്കേണ്ട പ്രവൃത്തികളിൽ പ്രൊജക്റ്റ് രൂപീകരിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതോടൊപ്പം തന്നെ ആയവ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.
- 29.1.18 ലെ ജി.ഒ.(എം.എസ്) 11/2018 ത.സ്വ.ഭവ നമ്പർ 13-ാം പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശമനുസരിച്ച് സ്പിൽ ഓവറായ പ്രൊജക്റ്റുകൾക്ക് 13-ാം പഞ്ചവൽസര കാലയളവിൽ ക്യാരി ഓവർ വിഹിതം ലഭിക്കുന്നതല്ല. അത്തരം പ്രൊജക്റ്റുകൾ പൂർത്തീകരിക്കുന്നതിന് വേണ്ട തുക വാർഷിക പദ്ധതിക്ക് ലഭ്യമായ വിഹിതത്തിൽ നിന്നുതന്നെ കണ്ടെത്തേണ്ടതാണ് എന്നതിനാൽ പദ്ധതികൾ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തേണ്ടതാണ്.

# 1-30 ഹയർസെക്കണ്ടറി സ്കൂൾ കെട്ടിട നിർമ്മാണത്തിനായി ഗ്രാമപഞ്ചായത്ത് തുക ചെലവഴിച്ചു

പ്രവൃത്തിയുടെ പേര് : K.C.P. High school& Higher secondary school toilet Construction

പ്രൊജക്ട് നം. : 166/19

പി.എ.സി : 850000

ചെലവ് : 765087

ബിൽ നം. : 10/17.08.2018

നിർവഹണം – അസിസ്റ്റന്റ് എഞ്ചിനീയർ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് 166 വകുപ്പ് 1-ഉപവകുപ്പ് 3ാം പട്ടിക- സി-X- വിദ്യാഭ്യാസമേഖലയിലെ ചുമതലകൾ-പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രീപ്രൈമറി &പ്രൈമറി സ്കൂളുകളുടെ നടത്തിപ്പ് ചുമതല മാത്രമാണ് ഗ്രാമപഞ്ചായത്തിനുള്ളത്. ഹൈസ്കൂൾ / ഹയർസെക്കണ്ടറി സ്കൂൾ എന്നിവയുടെ ചുമതല ജില്ലാ പഞ്ചായത്തിനാണ്(5ാംപട്ടിക). സബ്സിഡി മാർഗരേഖ 2017-18 – (G.O(MS)80/17/lsgd/3.4.17) ഖണ്ഡിക 21-2 പ്രകാരം എല്ലാ ഗവൺമെന്റ് സ്കൂളുകളിലും വെള്ളവും ശുചിത്വസൗകര്യങ്ങളും ഉറപ്പാക്കിയശേഷം എയ്ഡഡ് **പ്രൈമറി** സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ് എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. എന്നാൽ പ്രൈമറി സ്കൂളിന് അനുവദിക്കാമെന്ന നിർദേശങ്ങൾക്കു വിരുദ്ധമായി കെ.സി.പി. ഹയർ സെക്കന്ററി സ്കൂളിലെ (എയ്ഡഡ് സ്കൂൾ) ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥിനികൾക്കായി ടോയ്ലറ്റ് നിർമ്മാണത്തിനായി 2017-18 ൽ ആവിഷ്കരിച്ച പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പദ്ധതി ഫണ്ടിൽ നിന്നും 765087രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടാത്ത ഹൈസ്കൂൾ/ ഹയർസെക്കണ്ടറിസ്കൂളിൽ പ്രവൃത്തി നടപ്പിലാക്കിയതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് – 12/27.9.19 മറുപടി ലഭ്യമായില്ല. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കാതെയും സബ്സിഡി മാർഗനിർദേശങ്ങൾ പാലിക്കാതേയും ഹയർസെക്കണ്ടറി സ്കൂളിലെ നിർമ്മാണപ്രവർത്തനങ്ങൾക്കായി ചെലവഴിച്ച 765087 രൂപ തടസ്സത്തിൽ വെയ്ക്കുന്നു.

# 1-31 കുടിവെള്ളപദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയിട്ടില്ല

2018-19 സാമ്പത്തികവർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണഉദ്യോഗസ്ഥനായി താഴെ പറയുന്ന കുടിവെള്ളപദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| പദ്ധതി | ബിൽ നമ്പർ / തുക |
|---|---|
| പത്തനാപുരം കല്ലങ്കാട് കുടിവെള്ളപദ്ധതി (159/19) | 2/21.5.18- ₹480512<br>8/30.7.18 - ₹ 42970 |
| ആറാപ്പുഴ കുടിവെള്ള പദ്ധതി | 45/30.1.19 - 374706 |
| ആലിങ്കൽ പറമ്പ് കുടിവെള്ള പദ്ധതി | 56/28.2.19 - 102265 |

കുടിവെള്ള പ്രൊജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തി ഗുണഭോക്തൃസമിതി രൂപീകരിക്കേണ്ടതാണ് എന്നും കുടിവെള്ളപദ്ധതികളുടെ തുടർനടത്തിപ്പും സംരക്ഷണവും ഗുണഭോക്തൃസമിതികളുടെ ചുമതലയാണ് എന്ന് പ്രൊജക്ടിൽ വ്യവസ്ഥ ചെയ്യണം എന്നുമുള്ള നിബന്ധന - പദ്ധതി മാർഗരേഖ (സ.ഉ(കൈ)11/18/ തസ്വഭവ/21.1.18 ) - പാലിച്ചിട്ടില്ല. കുടിവെള്ള പദ്ധതികൾ ഗുണഭോക്തൃസമിതിക്ക് കൈമാറിയതിന്റെ രേഖകളൊന്നും ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല.

ജലലഭ്യത ഉറപ്പുവരുത്തി വിദഗ്ദ്ധർ സാക്ഷ്യപ്പെടുത്തി ജലസ്രോതസ്സ് തീരുമാനിച്ചശേഷം മാത്രമേ കുടിവെള്ള പ്രൊജക്ടുകൾ തയ്യാറാക്കാൻ പാടുള്ളൂ എന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. തൻവർഷം ആരംഭിച്ച കുടിവെള്ള പദ്ധതികളിൽ കരാർ ചമച്ചശേഷമാണ് സ്ഥലം നിർണ്ണയിച്ചതും ഫീസിബിലിറ്റി പരിശോധന നടത്തിയതും. താഴെ പറയുന്ന പദ്ധതികളിൽ ബോർവെല്ലിൽ ജലലഭ്യത ഇല്ലാത്തതിനാൽ 2018-19 ൽ പാർട്ട്ബിൽ മാത്രം നൽകിയിട്ടുണ്ട്.

| പദ്ധതി | ബിൽ നമ്പർ / തുക |
|---|---|
| നൊച്ചിപറമ്പ് കുടിവെള്ളപദ്ധതി (83/19) | 59/28.2.19- ₹96114 |
| രക്കുള്ളി തേക്കുപാടം കുടിവെള്ള പദ്ധതി (86/19) | 57/28.2.19 - 94764 |
| കല്ലുംപറമ്പ് കുടിവെള്ള പദ്ധതി (66/19) | 87/26.3.19 - 44601 |
| കമ്പാലത്തറ കുടിവെള്ള പദ്ധതി | 71/28.2.19 - 99565 |

പദ്ധതികൾ പൂർത്തിയാക്കി ഗുണഭോക്തൃസമിതികൾക്ക് കൈമാറി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-32 ബാലസഭ - ഉല്ലാസയാത്രയ്ക്കായി പദ്ധതി ഫണ്ട് ചെലവഴിച്ചു

പദ്ധതി – ബാലസഭ -(36/19)-പ്ലാൻ (ജ)

അടങ്കൽ - 25000

ചെലവ് - ബിൽ നമ്പർ - 6/12.2.19 -25000

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബാലസഭ എന്ന പദ്ധതി പ്രകാരം 25000/- പിൻവലിച്ച് കുടുംബശ്രീക്ക് നൽകുകയും കുടുംബശ്രീ താഴെ പറയും പ്രകാരമുള്ള ചെലവുകൾ നടത്തുകയും ചെയ്തിട്ടുണ്ട്.

20.5.19 ന് നടത്തിയ പഠനക്ലാസ് - ഭക്ഷണം- 1600 രൂപ

21.5.19 ലെ കൊച്ചി യാത്ര-(ഹിൽ പാലസ്, കൊച്ചി മെട്രോ , ബോട്ട് യാത്ര എന്നിവ) -23400 രൂപ

2018-19 പ്ലാൻ - സബ്സിഡി മാർഗരേഖ ഖണ്ഡിക 7-6-17 പ്രകാരം ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കാൻ സംസ്ഥാനതല നിർദേശങ്ങൾ പരിഗണിച്ച് ബാലസഭ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനുള്ള പദ്ധതി ആവിഷ്കരിക്കാം എന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കുടുംബശ്രീ മിഷന്റെ 3266/കെ/18 /28.3.18 നമ്പർ സർക്കുലർ പ്രകാരം 2018-19 ലെ ബാലസഭ പ്രവർത്തന കലണ്ടറിൽ - നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളിൽ പഠന/ഉല്ലാസയാത്ര ഉൾപ്പെടുന്നില്ല. ഓഡിറ്റ് എൻക്വയറിക്കുള്ള (14/27.9.19) മറുപടിയിൽ മുൻവർഷങ്ങളിൽ നടത്തിയതിന് സമാനമായി യാത്ര നടത്തിയതാണ് എന്നും കുട്ടികളുടെ മാനസികവും ഭൗതികവുമായ വികസനത്തിന് ഉതകുന്ന പ്രവർത്തനമെന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് യാത്രയ്ക്കായി തുക ചെലവഴിച്ചത് എന്നും ഭാവിയിൽ പദ്ധതിരൂപീകരണ വേളയിൽ നിർദേശങ്ങൾ പാലിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

<u>ഓഡിറ്റ് നിർദേശങ്ങൾ</u>

1. സബ്സിഡി മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസരിച്ച് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

2. ബാലസഭയ്ക്കായി അംഗീകരിച്ച പ്രവർത്തനകലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1)

പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 തറവിസ്തീർണത്തിന്റെ പരിധിയ്ക്ക് ആനുപാതകമായി നികുതി നിർണയിക്കാത്തതിനാൽ വസ്തുനികുതി നഷ്ടം

2018-19 ൽ ക്രമവൽക്കരണം നടത്തി പുതിയ കെട്ടിട നമ്പർ നൽകി വസ്തുനികുതി നിർണയം നടത്തിയ താഴെ പറയുന്ന 100 ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണമുള്ള വാണിജ്യ കെട്ടിടത്തെ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് ഓഡിറ്റ് പരിശോധനയിൽ കണ്ടെത്തി. വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 40 രൂപയും, 100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ മുതലായവയ്ക്ക് ച.മീറ്ററിന് 55രൂപയും ആണ് പഞ്ചായത്തിൽ വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. ആയതിനാൽ വസ്തുനികുതിയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം./ കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണം | ഉപയോഗതരം തെറ്റായി രേഖപ്പെടുത്തി നിർണയിച്ച വസ്തു നികുതി | യഥാർത്ഥത്തിൽ ഈടാക്കേണ്ട വസ്തു നികുതി | കുറവ് ₹ |
|---|---|---|---|---|---|
| 8/617 | പ്രസിഡണ്ട്, ജുമാഅത്ത് പള്ളി | 111.49 | അടിസ്ഥാന വസ്തുനികുതി-111.49*40 =4459.6<br>ഇളവ് - 10% (മേൽക്കൂര) =445.96<br>വസ്തുനികുതി - 4014 | അടിസ്ഥാന വസ്തുനികുതി-111.49*55 =6131.95<br>ഇളവ് - 10% (മേൽക്കൂര) = 613.19<br>വസ്തുനികുതി - 5519 | 1505 |

100 ച.മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യ സ്ഥാപനത്തിന് ആയതിന്റെ അടിസ്ഥാനത്തിൽ ച.മീറ്ററിന് 55 രൂപ നിരക്കിൽ വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ **(നം.8, തിയ്യതി - 26-09-2019)** മറുപടിയിൽ നികുതി പുനർനിർണ്ണയിച്ച് കെട്ടിട ഉടമസ്ഥനിൽ നിന്നും ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

എത്രയും പെട്ടെന്ന് നികുതി പുനർനിർണ്ണയം നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി കുറവ് തുക ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 ജീവനക്കാരുടെ ഇൻകം ടാക്സ് റിട്ടേൺ ഫയൽ ചെയ്യാൻ തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് തിരിച്ചടക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വൗച്ചർ നമ്പർ 21800545/9.10.18 പ്രകാരം 11800 രൂപ രാമചന്ദ്രൻ & രാമചന്ദ്രൻ അസോസിയേറ്റ്സ്, സൂര്യ കിരൺ കോളേജ് റോഡ്, പാലക്കാട് എന്നവരുടെ അക്കൗണ്ടിലേക്ക് (0063073000002323) 'Income Tax Return E

filing Fee (Individual-2017-18) എന്ന ഇനത്തിൽ നൽകിയിട്ടുണ്ട്. വ്യക്തികളുടെ റിട്ടേൺ ഫയൽ ചെയ്യാൻ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( 13/27.9.19) ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും ഈടാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഈയിനത്തിൽ ചെലവഴിച്ച 11800 രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 28.06-2019 & 29-06-2019 | |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1601100 | ഉഴവ്കൂലി (ജ) | 1601100 | 0 |
| | | 25000 | ഉഴവ്കൂലി (എസ്.സി) | 14600 | 10400 (Refunded) |
| | 2017-18 | 5475 | ഉഴവ്കൂലി (എസ്.സി) | 5475 | 0 |
| | 2018-19 | 225000 | പാൽ സബ്സിഡി | 225000 | 0 |
| | 2017-18 | 835000 | ലൈഫ് മിഷൻ | 7,95,000 | 40000 |
| | | | [illegible] | | |

| | | | | | |
|---|---|---|---|---|---|
| | 2018-19 | 1655540 | ലൈഫ് മിഷൻ | 1655540 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2095315 | ഉഴവ്കൂലി (ജ) | 2095315 | 0 |
| | 2017-18 | 10950 | Refunded chalan 50128/ 20.6.18 | 10950 | 0 |
| | 2018-19 | 1234777 | ലൈഫ് മിഷൻ | 1234777 | 0 |
| | 2018-19 | 57000 | പാൽ സബ്സിഡി | 57000 | 0 |

# 4-3 ഡെപ്പോസിറ്റ് പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരം

| പ്രൊജക്ട് നമ്പർ | പ്രൊജക്ട് | അടങ്കൽ | ചെലവ് | ബിൽ നമ്പർ |
|---|---|---|---|---|
| 205/19 | ആറപ്പുഴ കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ | 103000 (തനത് ഫണ്ട്) | 102037 | 845/5.2.19 |
| 32/19 | SC കോളനി കളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 55000 (Plan fund) | 50488 | 34/26.2.19 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ KURDFC യിൽ 18954155രൂപ വരവുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ബാക്കി യുള്ള തുക |
| ഹഡ്കോ ലോൺ (ലൈഫ്) | -- | 18954155 | --- | -- | | 18954155 |

# 4-6 സ്ഥിര നിക്ഷേപം

ഒന്നുമില്ല

# 4-7 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഒന്നുമില്ല

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഒന്നുമില്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെമുന്നിരിപ്പ് ഉൾപ്പെടെ വരവ് | : | 115819347 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 99987119 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1505 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 42148 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 847605 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1505 | | ശ്രീമതി സയ്യിദ ബീഗം സെക്രട്ടറി |
| 3-1 | | 11800 | ശ്രീമതി സയ്യിദ ബീഗം , സെക്രട്ടറി |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 82518 | ശ്രീമതി.പി.എൻ.തങ്കമണി,<br>സെക്രട്ടറി ഇൻ ചാർജ് |
| 1-30 | 765087 | ശ്രീമതി.ദിവ്യ.എം.കെ<br>അസി.എഞ്ചിനീയർ |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഒന്നുമില്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഒന്നുമില്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | (ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി.സയ്യിദ ബീഗം<br>സെക്രട്ടറി | ലഭ്യമായില്ല | വെളിയിൽ വടക്കേതിൽ<br>പടനായർകുളങ്ങര വടക്ക്<br>കരുനാഗപ്പള്ളി (പിഒ)<br>കൊല്ലം |
| ശ്രീമതി.ദിവ്യ.എം.കെ<br>അസി.എഞ്ചിനീയർ | എ.ഇ<br>ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | പുത്തൻപുര<br>തെക്കുംമ്പുറം<br>മേലാർകോട് (പി.ഒ)<br>678703 |
| ശ്രീമതി.പി.എൻ.തങ്കമണി, സെക്രട്ടറി | കാവശ്ശേരി ഗ്രാമപഞ്ചായത്ത് | തെക്കേഗ്രാമം, പെരിങ്കുളം(പി.ഒ) ആലത്തൂർ-678542 |

# 4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | എൽ.എഫ്.പി9-193/98/5-7-12 | ഫർദർ റിമാർക്സ് |
| 1997-98 | എൽ.എഫ്.പി7-99/2000/6-7-2001 | ഫർദർ റിമാർക്സ് |
| 1998-99 | എൽ.എഫ്.പി10-509/2002/ 13-2-2003 | ഫർദർ റിമാർക്സ് |
| 1999-2000 | എൽ.എഫ്.പി10-501/10/ 19-7-2010 | ബഹു ഡയറക്ടർ ക്കുള്ള കത്ത് |
| 2000-01 | എൽ.എഫ്.പി10-545/05/ 16-7-2006 | ഫർദർ റിമാർക്സ് |
| 2001-02 | എൽ.എഫ്.പി10-556/04/ 13-7-2006 | ഫർദർറിപ്പോർട്ട് |
| 2002-03 | എൽ.എഫ്.പി10-101/08/ 11-11-2010 | ഫർദർ റിപ്പോർട്ട് |
| 2003-04 | എൽ.എഫ്.പി10-953/11/ 10-4-2012 | ഫർദർ റിമാർക്സ് |
| 2004-05 | എൽ.എഫ്.പി10-952/11/ 7-5-2012 | ഫർദർ റിമാർക്സ് |
| 2005-06 | എൽ.എഫ്.പി10-954/11/ 12-4-2012 | ഫർദർ റിമാർക്സ് |

| | | |
|---|---|---|
| 2006-07 | എൽ.എഫ്.പി10-1037/12/ 16-7-2012 | ഫർദർ റിപ്പോർട്ട് |
| 2007-08 | എൽ.എഫ്.പി10-1038/12/ 16-7-2012 | ഫർദർ റിപ്പോർട്ട് |
| 2008-09 | എൽ.എഫ്.പി10-1039/12(1)/ 16-7-2012 | ഫർദർ റിപ്പോർട്ട് |
| 2009-10 | എൽ.എഫ്.പി10-1268/13/3-3-14 | ഓഡിറ്റ് റിപ്പോർട്ട് |
| 2010-11 | | |
| 2011-12 | എൽ.എഫ്.പി10-1696/14/ 8-12-2014 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13 | എൽ.എഫ്.പി10-851/15/ | ഓഡിറ്റ് റിപ്പോർട്ട് |
| 2013-14, 2014-15 | കെ.എസ്.എ-പി.കെ.ഡി-10/249/16 /2-3-2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | കെ.എസ്.എ-പി.കെ.ഡി.10/141/2017/25-01-17 | ഓഡിറ്റ് റിപ്പോർട്ട് |
| 2016-17 | കെ.എസ്.എ-പി.കെ.ഡി.10/1184/2017/28.07.2017 | ” |
| 2017-18 | കെ.എസ്.എ.പി.കെ.ഡി10/2448/2018 | ” |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്

# അനുബന്ധം -1
## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-പികെഡി-21/997/2019(23)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തിയതി: 26-8-2019

Phone No.04912520145

e-mail. Dopkd.ksad@kerala.gov.in

### സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും, 1994 - ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ **കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ** 31-3-2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിന്റെ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ** 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ്, ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

**<u>അനുബന്ധം</u>**

**<u>ന്യൂനതകളുടെ സംഗ്രഹം</u>**

1. സചിത്ര സോഫ്റ്റ്വെയർ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തി മൂല്യത്തിന്റെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

2. വാല്യൂ ബേസ്ഡ് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

3. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ് കലക്ഷൻ ബാലൻസ് തുകകൾ സാംഖ്യ അക്കൗണ്ടുമായി പൊരുത്തപ്പെടുന്നില്ല.

4. കാലഹരണപ്പെട്ട ചെക്ക് (കഴനി സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് A/c no-128 ) ചെക്ക് നം 9809/15.03.18 തുക 3100 - 350800101 എന്ന ഹെഡിലേക്ക് രസീത് ചെയ്തിട്ടില്ല.

5.വെള്ളക്കരം ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

6. MNREGS- ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിലെ I-6, I 14(a) എന്നിവയിലെ തുക തുല്യമല്ല.

ഡെപ്യൂട്ടി ഡയറക്ടർ

# <u>അനുബന്ധം -2</u>

# <u>വാർഷികപത്രികകൾ</u>

| RECEIPT & PAYMENT STATEMENT | | | |
|---|---|---|---|
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 6586602.00 |
| Cash | Cash | RP-40(a) | 30851.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 985430.00 |
| 140000000 | Fees & User Charges | RP-4 | 413429.00 |
| 150000000 | Sale & Hire Charges | RP-5 | 376212.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 64128172.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 9819660.00 |
| 350000000 | Other Liabilities | RP-36 | 102216.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 0.0 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 6070.00 |
| 311000000 | Earmarked Funds | RP-29 | 163.00 |
| 330000000 | Secured Loans | RP-32 | 18954155.00 |
| 340000000 | Deposits Received | RP-34 | 178516.00 |
| 350000000 | Other Liabilities | RP-36 | 673730.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 12951567.00 |
| 460000000 | Loans, Advances and Deposits | RP-47 | 612574.00 |
| | **Grand total** | | **115819347.00** |
| | PAYMENTS | | |
| | **Operating** | | |
| 210000000 | Establishment Expenses | RP-11 | 4680733.00 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | RP-12 | 945903.00 |
| 230000000 | Operations & Maintenance | RP-13 | 2851305.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 10964215.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 42888537.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 1010007.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 862693.00 |
| 254000000 | Expenditures of Transferred institutions and State Sponsored | RP-19 | 317760.00 |
| | Schemes | | |
| 255000000 | Maintenance Projects | RP-20 | 9029129.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 278250.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 1010000.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 139025.00 |
| 350000000 | Other Liabilities | RP-36 | 3909953.00 |
| | **Non Operating** | | |
| 240000000 | Interest & Finance Charges | RP-14 | 649.00 |
| 340000000 | Deposits Received | RP-34 | 129870.00 |
| 350000000 | Other Liabilities | RP-36 | 2238269.00 |
| 410000000 | Fixed Assets | RP-38 | 16725295.00 |
| 412000000 | Capital work in Progress | RP-40 | 798896.00 |
| 440000000 | Pre-paid Expenses | RP-45 | 0.0 |
| 460000000 | Loans, Advances and Deposits | RP-47 | 1206630.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 15697128.00 |
| Cash | Cash | RP-40(b) | 135100.00 |
| | **Grand Total** | | **115819347.00** |

## Kavassery Grama Panchayat INCOME & EXPENDITURE STATEMENT

For the period from 01-April-2018 to 31-March-2019

| Code.No | Description of Items | Schedule | Amount |
|---|---|---|---|

| | | | |
|---|---|---|---|
| | | No | |
| | INCOME | | |
| 110000000 | Tax Revenue | I-1 | 3464236.00 |
| 140000000 | Fee & User Charges | I-4(b) | 1735793.00 |
| 150000000 | Sale & Hire Charges | I-5(b) | 376212.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 159454223.00 |
| 180000000 | Other Income | I-9 | 6070.00 |
| | **Total Income** | | **165036534.00** |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 10137443.00 |
| 220000000 | Administrative Expenses | I-11(b) | 945903.00 |
| 230000000 | Operations & Maintenance | I-12(b) | 2921655.00 |
| 240000000 | Interest & Finance Charges | I-13 | 649.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 10964215.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 73835712.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 1010007.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 862693.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 54374760.00 |
| 255000000 | Maintenance Projects | I-14(e) | 9029129.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 278250.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 1010000.00 |
| 272000000 | Depreciation | I-17(a) | 5740401.00 |
| | **Total Expenditure** | | **171110817.00** |
| | **Gross Surplus/ Deficit of income over Expenditure** | | **-6074283.00** |
| 280000000 | Prior Period Item | I-18 | -306575.00 |

| | | | |
|---|---|---|---|
| | **Gross Surplus/Deficit of Income over Expenditure after prior period items.** | | **-5767708.00** |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

| BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 13242742.70 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 4617.00 |
| 312000000 | Reserves | B-3 | 59435569.00 |
| | **Total Reserve & Surplus** | | **72682928.70** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6242983.00 |
| | **Total Grants, Contributions for Specific Purposes** | | **6242983.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 18954155.00 |
| | **Total Loans** | | **18954155.00** |
| | **Current Liabilities & Provisions** | | |

| | | | |
|---|---|---|---|
| 340000000 | Deposits Received | B-7 | 888704.00 |
| 350000000 | Other Liabilities | B-9 | 617012.30 |
| | **Total Current Liabilities and Provisions** | | **1505716.30** |
| | TOTAL LIABILITIES | | **99385783.00** |
| | ASSETS | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 88728248.00 |
| 411000000 | Accumulated Depreciation | B-11 | -8141264.00 |
| 412000000 | Capital Work in Progress | B-11(a) | 798896.00 |
| | **Total Fixed Assets** | | **81385880.00** |
| | **Current Assets, Loans and Advances** | | |
| 431000000 | Sundry Debtors (Receivables) | B-15 | 1548909.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 15832228.00 |
| 460000000 | Loans, Advances and Deposits | B-18 | 618766.00 |
| | **Total Current Assets, Loans and Advances** | | **0.0** |

| | |
|---|---|
| Total Current Assets, Loans and Advances | 17999903.00 |
| **Miscellaneous Expenditure (To the Extent not written off)** | |
| TOTAL ASSETS | **99385783.00** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,പാലക്കാട്